Social transformation through Mahalls

സാമൂഹ്യമാറ്റം മഹല്ലുകളിലൂടെ

മഹല്ലു ജമാഅത്തുകൾ മുസ്ലിം സാംസ്കാരികതയുടെ ചാലക കേന്ദ്രങ്ങളാണ്. സമുദായത്തിന്റെ അസ്തിത്വ പരമായ ഉദ്ഗ്രഥനവും സാമൂഹ്യ പുരോഗതിയുമാണ് മഹല്ലു സംവിധാനങ്ങളിലൂടെ സാധ്യമാവേണ്ടത്.

മഹല്ലുകൾക്ക് ഒരു വഴികാട്ടി

A Handbook on Mahallu based Social work practices

PHAPINS
Institute of Health & Psycological Solutions
Thankayam, Trikaripur, Kasaragod, Dt., Kerala-671310
PH: 0467 2212872, 9846074605
email: phapins@gmail.com

മഹല്ലുകൾക്ക് ഒരു വഴികാട്ടി

PHAPINS
Institute of Health & Psycological Solutions
Thankayam, Trikaripur, Kasaragod, Dt., Kerala-671310
PH: 0467 2212872, 9846074605
email: phapins@gmail.com
www.phapins.com

മഹല്ലുകൾക്കൊരു വഴികാട്ടി
ഒന്നാം പതിപ്പ്
ജൂലൈ 2010

സൗജന്യ വിതരണത്തിന്

ഉള്ളടക്കം

ആമുഖം………………………………………………….5

വിദ്യാഭ്യാസം……………………………………………6

തൊഴിൽ……………………………………………..16

ആരോഗ്യം…………………………………………...24

സാമ്പത്തികം ………………………………………...30

നേതൃത്വ ശാക്തീകരണം……………………….33

കുടുംബ ക്ഷേമം…………………………………...39

സാംസ്കാരികം…………………………………….43

ആമുഖം

മുസ്‌ലിം സാംസ്കാരികതയുടെ ചാലക കേന്ദ്രങ്ങളാണ് മഹല്ലു ജമാഅത്തുകൾ. സമുദായത്തിന്റെ അസ്തിത്വ പരമായ ഉദ്ഗ്രഥനവും സാമൂഹ്യ പുരോഗതിയും സാധ്യമാക്കാനായി നിർമ്മിക്കപ്പെട്ട സാംസ്കാരിക രൂപങ്ങളാണ് അവ. കർമ്മാനുഷ്ഠാനങ്ങൾക്കും ആത്മീയ സംസ്കരണത്തിനും നേതൃത്വം നൽകുന്നതോടൊപ്പം സാമൂഹ്യ പുനർനിർമ്മാണത്തിനും മഹല്ലുകൾ മുൻകൈയ്യെടുക്കുമ്പോഴേ അവയുടെ ദൗത്യം പൂർണ്ണമാകുന്നുള്ളൂ.

വിവിധ കാലങ്ങളിൽ മുസ്‌ലിം സമൂഹം അനുഭവിച്ചു പോന്ന എല്ലാ പ്രശ്നങ്ങളെയും അഭിമുഖീകരിക്കാനാവശ്യമായ സംവിധാനങ്ങൾ മഹല്ലുകൾക്കകത്തുണ്ടായിരുന്നു. അവയൊന്നും സ്വാഭാവികമായി പരിണമിച്ച സംവിധാനങ്ങളായിരുന്നില്ല; മറിച്ച് നമ്മുടെ പൂർവ്വികർ കൃത്യമായ ലക്ഷ്യത്തോടെയും ആസൂത്രണത്തോടെയും നിർമ്മിച്ചെടുത്ത നേതൃത്വ സംവിധാനമായിരുന്നുവെന്ന് മഹല്ലുകളെ സാമൂഹ്യ ശാസ്ത്ര വീക്ഷണ കോണിലൂടെ അപഗ്രഥിച്ചാൽ മനസ്സിലാകും. പക്ഷെ പിൽക്കാലത്തെപ്പോഴോ നമുക്ക് മഹല്ലു ജമാഅത്തുകളുടെ സമഗ്രതയും ശക്തിയും നഷ്ടപ്പെടുകയും കേവലം പള്ളി പരിപാലനത്തിൽ ഒതുങ്ങുകയും ചെയ്തു.

സമകാലിക മുസ്‌ലിം സമൂഹം നേരിടുന്ന പ്രതിസന്ധികളെ മറികടക്കാൻ നമ്മുടെ മഹല്ലുകൾക്കകത്തു നിന്നു കൊണ്ട് എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാവുമെന്ന ചെറിയ ഒരു ആലോചന മാത്രമാണിവിടെ ഉദ്ദേശിക്കുന്നത്. മത വിധികൾക്കും മൂല്യങ്ങൾക്കുമകത്തു നിന്ന്, പുതിയ കാലത്തിന്റെ വെല്ലു വിളികളെ ഏറ്റെടുക്കാൻ സമൂഹത്തെ പ്രാപ്തമാക്കാനായി മഹല്ലുകളുടെ നേതൃത്വത്തിൽ നടക്കേണ്ടുന്ന ചില സാമൂഹ്യ സാംസ്കാരിക ഇടപെടലുകളുടെ മാതൃകകൾ, വിവിധ മഹല്ലുകളിൽ വിജയകരമായി നടത്തിയ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ വിശദീകരിക്കുകയാണ് ഈ കൊച്ചു പുസ്തകത്തിൽ. കഴിയാവുന്നിടത്തോളം ഉള്ളടക്കം സമഗ്രമാക്കാൻ ശ്രമിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, സാമ്പത്തികം, നേതൃത്വ ശാക്തീകരണം, കുടുംബ ക്ഷേമം, സാംസ്കാരികം തുടങ്ങിയ മേഖലകളിൽ നടത്താവുന്ന പ്രവർത്തനങ്ങളെ ഓരോ അദ്ധ്യായങ്ങളായി വേർ തിരിച്ച് ഈ പുസ്തകത്തിൽ വിശദീകരിക്കുന്നു. ഇത്രയും ബഹുമുഖമായ പ്രവർത്തനങ്ങൾ ഒരു മഹല്ലിൽ പൂർണ്ണമായും നടപ്പിലാക്കുന്നതിന് പ്രായോഗിക പരിമിതികൾ ഉണ്ടാവുമെന്നറിയാം. അതു കൊണ്ടു തന്നെ ഓരോ പ്രദേശത്തിന്റെയും മുൻഗണനകൾക്കും ആവശ്യങ്ങൾക്കും അനുസൃതമായി ഇത്തരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്താണ് നടപ്പിലാക്കേണ്ടത്.

വിദ്യാഭ്യാസം

ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് അറിവും സംസ്കാരവും പകർന്ന് നൽകുന്ന മഹത്തായ പദ്ധതിയാണല്ലോ വിദ്യാഭ്യാസം. ഒരു വ്യക്തിയുടെ ബഹുമുഖ പുരോഗതിയും വ്യക്തിത്വ സമഗ്രതയും ലക്ഷ്യമാക്കിയാണ് ലോകത്തിന്നോളം എല്ലാ വിദ്യാഭ്യാസ സമ്പ്രദായങ്ങളും സ്ഥാപിതമായിട്ടുള്ളത്. ഇസ്‌ലാം ഒരു മതമെന്ന നിലക്ക്, വ്യക്തിയുടെ സാംസ്കാരികവും ആത്മീയവുമായ അഭിവൃദ്ധി ലക്ഷ്യമാക്കി നിരവധി സംസ്കരണ പദ്ധതികൾ മുന്നോട്ട് വെക്കുകയും അവ വിവിധ കാലങ്ങളിൽ നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളെ സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്. അറിവിനെ വിശ്വാസിയുടെ കളഞ്ഞ് പോയ മുത്തായും അറിവ് നേടാൻ വേണ്ടി ഏത് ത്യാഗവും ചെയ്യാനും പ്രവാചകൻ (സ) മനുഷ്യരെ പ്രോത്സാഹിപ്പിച്ചു. ആത്മീയമോ ഭൗതികമോ എന്ന വേർതിരിവില്ലാതെ മനുഷ്യ ജീവ സന്ധാരണത്തിന് അനുഗുണമായ എല്ലാ അറിവും നേടൽ വിശ്വാസികൾക്ക് മേൽ നിർബന്ധമാണ് എന്നാണ് ഇസ്‌ലാമിക ഭാഷ്യം.

എന്നാൽ ലോകമെമ്പാടും കോളനി വാഴ്ചയും അധിനിവേശവും പിടിമുറുക്കിയതോടെ മുസ്‌ലിംകൾ മുഖ്യധാരയിൽ നിന്ന് പുറംതള്ളപ്പെട്ടു. തീക്ഷ്ണ സമരങ്ങളുടെയും സ്വാതന്ത്ര്യ പോരാട്ടങ്ങളുടെയും പക്ഷത്ത് നിൽക്കേണ്ടി വന്ന മുസ്‌ലിംകൾക്ക് ഒരു കാലഘട്ടത്തിന്റെ ആവശ്യമെന്നോണം അസ്തിത്വ സംരക്ഷണാർത്ഥം ആധുനിക വിദ്യാഭ്യാസ സമ്പ്രദായങ്ങളേയും പരിഷ്കരണങ്ങളേയും ചെറുത്തു നിൽക്കേണ്ടി വന്നു. ഇത്തരത്തിൽ നിരവധി ചരിത്ര പരമായ കാരണങ്ങളാൽ ഇന്ത്യൻ സാഹചര്യത്തിൽ മുസ്‌ലിംകൾ വിദ്യാഭ്യാസ പരമായി ഒട്ടേറെ പിന്നാക്കം നിന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്തും അധികാര ശ്രേണികളിലും മുസ്‌ലിംകൾ ഇന്ന് ഇന്ത്യയിലെ പട്ടികജാതി പിന്നാക്ക വിഭാഗങ്ങളേക്കാൾ വളരെയേറെ പിറകിലാണ് എന്നാണ് ഒരുപാട് കാലങ്ങളായി നടന്ന് കൊണ്ടിരിക്കുന്ന സകല പഠനങ്ങളും തെളിയിക്കുന്നത്. ഇന്ത്യയിലെ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യ- വിദ്യാഭ്യാസ സാഹചര്യങ്ങളെ കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച ജസ്റ്റിസ്: സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ട് ഇന്ത്യൻ മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥയുടെ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്ത് വിട്ടത്. സാക്ഷരത തൊട്ട് സിവിൽ സർവ്വീസ് വരെയുള്ള സകല മേഖലകളിലും മുസ്‌ലിംകളുടെ സാമുദായിക പ്രാതിനിധ്യം മറ്റു മത സാമൂഹ്യ വിഭാഗങ്ങളെ അപേക്ഷിച്ച് വളരെയേറെ പിറകിലാണ്. മുസ്‌ലിംകളുടെ സാക്ഷരതാ നിരക്ക് തന്നെ ദേശീയ ശരാശരിയേക്കാൾ താഴെയാണ് എന്നാണ് കമ്മിറ്റിയുടെ കണ്ടെത്തൽ. പ്രൈമറി തലം തൊട്ട് വിവിധ കോഴ്സുകൾ എൻറോൾ ചെയ്യുന്ന കുട്ടികളുടെ എണ്ണം വളരെ കുറവും കൊഴിഞ്ഞു പോക്ക് ഏറ്റവും കൂടുതലും മുസ്‌ലിങ്ങളുടെ ഇടയിലാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ കണക്കുകൾ ഇതിനേക്കാൾ

ലജ്ജാവഹമാണ്. ഡിഗ്രിയോ ഡിപ്ലോമയോ ഉള്ള ആളുകളുടെ എണ്ണം മുസ്‌ലിം സമുദായത്തിൽ ഇതിലും കുറവാണ്. ഉന്നത കലാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 50-ൽ ഒരാൾ മാത്രമേ മുസ്‌ലിം ഉള്ളൂ. പ്ലസ്ടുവും ഡിഗ്രിയും പൂർത്തിയാകുന്ന മുസ്‌ലിം വിദ്യാർത്ഥികളുടെ എണ്ണം മറ്റെല്ലാ സമുദായക്കാരെക്കാളും പിറകിലാണ്. ഇങ്ങനെ പോകുന്നു വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയുടെ കണക്കെടുപ്പുകൾ.

ഈ പഠനങ്ങളെല്ലാം ദേശീയതലത്തിലെ ശരാശരിയാണെന്ന് ആശ്വസിക്കാൻ വരട്ടെ. കേരളത്തിലെ തെരഞ്ഞെടുത്ത ചില മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ 'സിജി' നടത്തിയ പഠനം തെളിയിക്കുന്നത് പ്രൈമറി തൊട്ട് പിജി വരെ യോഗ്യതയുള്ള മുസ്‌ലിംകളുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ എത്രയോ പിറകിലാണ് എന്നാണ്. വർഷാവസാനം നടക്കുന്ന സ്കൂൾ പൊതു പരീക്ഷയുടെ ഫലം പരിശോധിച്ചാൽ മനസ്സിലാകും ഏറ്റവും കുറഞ്ഞ വിജയ ശതമാനമുള്ളത് മുസ്‌ലിം ഭൂരിപക്ഷ ജില്ലകളിലും പ്രദേശങ്ങളിലുമാണ് എന്ന്. ഹൈസ്കൂൾ, ഹയർസെക്കന്ററി ക്ലാസുകളിൽ കൂടുതൽ കൊഴിഞ്ഞ് പോക്ക് (dropouts) ഉള്ളതും മുസ്‌ലിംകളുടെ ഇടയിലാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഈ പിന്നാക്കാവസ്ഥയ്ക്ക് നിയതമായും ചില കാരണങ്ങളാണ് ഉള്ളത്.

1. വിദ്യാഭ്യാസത്തോടുള്ള മനോഭാവവും പ്രചോദന കുറവും

എന്തിനാണ് ഉന്നത വിദ്യാഭ്യാസം നേടുന്നത് അതിന്റെ ആവശ്യകതയെന്താണ്, ഗുണമെന്താണ് ഇത്യാദി കാര്യങ്ങളെ കുറിച്ച് നമ്മുടെ വിദ്യാർത്ഥികളോ രക്ഷിതാക്കളോ ഒട്ടും ബോധവാന്മാരല്ല. വിദ്യാഭ്യാസം നേടിയില്ലെങ്കിലും ജീവിക്കാൻ മറ്റു വഴികളുണ്ടാവും എന്ന ധാരണയാണ് ഇത്തരത്തിൽ വിദ്യാഭ്യാസത്തോട് തെറ്റായ മനോഭാവവും രൂപപ്പെടുത്തുന്നതിനുള്ള മുഖ്യ കാരണം. ഗൾഫ് ഭൂരിപക്ഷ പ്രദേശങ്ങളിൽ ഈ പ്രവണത വളരെ കൂടുതലാണ്. പത്താം ക്ലാസോ പ്ലസ്ടുവോ കഴിയുന്നതോടെ ഒരു വിസയും സംഘടിപ്പിച്ച് ഗൾഫിലേക്ക് പോയാൽ ജീവിക്കാനാവശ്യമായ വഴി കണ്ടെത്താം എന്ന മിഥ്യാ ബോധമാണ് നമ്മുടെ യുവ തലമുറയെ നയിക്കുന്നത്. ജീവിതത്തെക്കുറിച്ച് കൃത്യമായ ലക്ഷ്യബോധമോ ആസൂത്രണമോ ഇല്ലാത്തതാണ് ഇതിന് കാരണം.

വിദ്യാഭ്യാസം എങ്ങനെ തൊഴിലിനും സാമൂഹ്യാംഗീകാരത്തിനും ഗുണം ചെയ്യുമെന്നതിനെ കുറിച്ച് ചിന്തിക്കാൻ പോലും നമുക്ക് കഴിയുന്നില്ല. ഈ ചിന്താഗതിക്ക് മാറ്റം വരാതെ ഒരു പുരോഗതിയും നമുക്ക് കഴിയുന്നില്ല. ഈ ചിന്താഗതിക്ക് മാറ്റം വരാതെ ഒരു പുരോഗതിയും നമുക്ക് പ്രതീക്ഷിച്ച് കൂടാ.

2. രക്ഷിതാക്കളുടെ അവബോധക്കുറവ്

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ച് രക്ഷിതാക്കൾക്ക് വേണ്ടത്ര അവബോധമില്ലാത്തതും മക്കളെ ഇക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കാനാകാത്തതും വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്ക് ഒരു പ്രധാന കാരണമാവുന്നു. മക്കളുടെ ഭാവി സുരക്ഷിതമാക്കുവാൻ ആവശ്യമായ സമ്പത്ത് ഉണ്ടാകുന്നതിലപ്പുറം അവരുടെ വ്യക്തിത്വ സംസ്കരണത്തിലും വിദ്യാഭ്യാസ പുരോഗതിയിലും രക്ഷിതാക്കൾക്ക് ഒന്നും ചെയ്യാനാവുന്നില്ല. ഉന്നത വിദ്യാഭ്യാസം നേടാൻ മക്കളെ എങ്ങനെയാണ് തയ്യാറെടുപ്പിക്കേണ്ടതെന്നും പ്രോത്സാഹിപ്പിക്കേണ്ടതെന്നും രക്ഷിതാക്കൾക്ക് ശരിയായ അറിവ് ഉണ്ടായിരിക്കണം. രക്ഷാകർതൃത്വം ഫലപ്രദമാക്കുവാനാവശ്യമായ അറിവ് നേടാനാവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തത് ഇത്തരം പ്രശ്നങ്ങൾക്ക് ഒരു കാരണം തന്നെയാണ്.

3. ലക്ഷ്യബോധമില്ലായ്മ

പഠിക്കുന്ന വിദ്യാർത്ഥികളിൽ എന്തിനാണ് പഠിക്കുന്നത് എന്നോ ജീവിതത്തിൽ ആരായി തീരണമെന്ന ലക്ഷ്യബോധമോ ഇല്ലാത്തതാണ് മറ്റൊരു പ്രശ്നം. ലക്ഷ്യബോധമില്ലാതെയുള്ള പഠനം എവിടെയും എത്താതെ പോവുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ കഴിവിനും താൽപര്യത്തിനനുസൃതമായ ഒരു ലക്ഷ്യം രൂപപ്പെടുത്തുന്നതിനാവശ്യമായ മാർഗനിർദ്ദശമോ മറ്റോ നൽകാൻ നമുക്ക് സാധ്യമാവാറില്ല. വിദ്യാഭ്യാസമില്ലാത്ത രക്ഷിതാക്കൾക്ക് ഇതിന് കഴിയില്ലല്ലോ. കൃത്യമായ ലക്ഷ്യമുള്ളവരിൽ തന്നെ ആ ലക്ഷ്യം നേടിയെടുക്കുന്നതിനാവശ്യമായ നിരന്തര പ്രോത്സാഹനവും മാർഗ നിർദ്ദേശങ്ങളും ലഭിക്കേണ്ടതുണ്ട്.

4. മത്സരക്ഷമത

നല്ല ബുദ്ധിയും കഴിവുമുള്ള കുട്ടികൾക്ക് തന്നെ ഉന്നത കലാലയങ്ങളിൽ അഡ്മിഷൻ നേടുന്നതിനാവശ്യമായ ആത്മവിശ്വാസവും മത്സര ക്ഷമതയും ഇല്ലാത്തത് മറ്റൊരു കാരണമാണ്. വിദ്യാർത്ഥികൾ ചെറുപ്പം നാൾ തൊട്ട് കൃത്യമായ പ്രോത്സാഹനത്തോടെ വളർത്തപ്പെടുകയും ആത്മ വിശ്വാസം പകർന്ന് നൽകപ്പെടുകയും പരിശീലിപ്പിക്കപ്പെടുകയും ചെയ്താൽ മാത്രമേ അവരിൽ ആവശ്യമായ മത്സര ക്ഷമതയുണ്ടാവൂ.

5. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരക്കുറവ്

മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരവും വളരെ കുറവാണ്. പൊതു പരീക്ഷകളിൽ ഈ സ്കൂളുകൾ നേടുന്ന വിജയശതമാനവും ഗ്രേഡും പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവും. ഓരോ ക്ലാസിലും കുട്ടികൾ അനിവാര്യമായും നേടിയിരിക്കേണ്ട ശേഷികൾ കുട്ടികളിൽ ഉറപ്പ് വരുത്താനാവാത്തത് വിദ്യാർത്ഥികളെ ഏറെ പിന്നാക്കമാകുന്നു. നിലവാരം കുറഞ്ഞ

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അന്തരീക്ഷം കുട്ടികളുടെ സ്വയം പ്രചോദന ശേഷി (self motivation) യെ തളർത്തുന്നു.

6. സ്ത്രീ വിദ്യാഭ്യാസത്തോടുള്ള തെറ്റായ കാഴ്ചപ്പാടുകൾ

സ്ത്രീ വിദ്യാഭ്യാസത്തോടുള്ള നമ്മുടെ മനോഭാവം ഇനിയും ആശാവഹമാണ് എന്ന് പറഞ്ഞ് കൂടാ. കല്യാണം കഴിപ്പിക്കുക എന്ന ഒറ്റ ഉദ്ദേശ്യത്തോടെയാണ് നമ്മുടെ കുട്ടികൾ വളർത്തപ്പെടുന്നത് എന്ന് സംശയിച്ച് പോകും നിലവിലെ സ്ഥിതി ഗതികളെ കുറിച്ച് ചിന്തിച്ചാൽ. പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസം നേടുന്നത് ഇന്നും നമ്മുടെ സമൂഹത്തിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. പത്തും പ്ലസ്ടുവും കഴിയുന്നതോടെ പഠനം നിർത്തി പെൺകുട്ടികളെ കല്യാണം കഴിപ്പിക്കാൻ ധൃതിപ്പെടുകയാണ് രക്ഷിതാക്കൾ. ഇത് കലാലയങ്ങളിൽ ഗുരുതരമായ കൊഴിഞ്ഞ് പോക്കിന് കാരണമാവുന്നു. മുസ്‌ലിം സമുദായത്തിൽ സ്ത്രീ ജനസംഖ്യയാണ് ഏറ്റവും കൂടുതൽ എന്നതിനാൽ സ്ത്രീകൾ പുരോഗതി നേടാതെ സമുദായം പുരോഗതി കൈവരിക്കില്ല.

ഇത്തരത്തിൽ നിരവധി സാമൂഹ്യ പ്രശ്നങ്ങളാണ് നമ്മുടെ പിന്നാക്കാവസ്ഥയ്ക്ക് കാരണമാവുന്നത്. നിലവിലുള്ള സമ്പ്രദായങ്ങളെ പഴിക്കുകയും കൂടുതൽ ആനുകൂല്യങ്ങൾക്ക് വേണ്ടി മുറവിളി കൂട്ടുകയും ചെയ്യുമ്പോൾ നമുക്കുള്ളിൽ തന്നെ മാറ്റങ്ങൾ ഉണ്ടാക്കേണ്ടതിന്റെ അനിവാര്യതയെ നാം മറന്നു പോകുന്നു. ഗ്രാമ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ മുസ്ലികൾ അധിവസിക്കുന്നത്; അവിടങ്ങളിലാണ് ഏറ്റവും കൂടുതൽ പിന്നാക്കാവസ്ഥയുള്ളതും. അതിനാൽ ഈ പരിത സ്ഥിക്ക് മാറ്റം വരുത്താൻ നാം പരിശ്രമിച്ച് തുടങ്ങേണ്ടതും ഈ ഗ്രാമങ്ങൾ കേന്ദ്രീകരിച്ചാണ്. മുസ്‌ലിംകളുടെ സാംസ്കാരിക നേതൃത്വമെന്ന നിലയ്ക്ക് മഹല്ലുകൾ അവയുടെ പ്രവർത്തന മണ്ഡലം കൂടുതൽ വികസിപ്പിക്കുകയും സമുദായത്തിന്റെ അടിയന്തിര പുരോഗതിക്കും അഭിമാനകരമായ അസ്തിത്വത്തിനും വേണ്ടി പ്രയത്നിക്കേണ്ടതുമുണ്ട്. ഖുർആൻ ഉത്തമ സമുദായം എന്ന് വിളിച്ച നാം പിന്നാക്കക്കാരായിക്കൂടാ. മൂല്യാധിഷ്ഠിതമായ ഒരു സാമൂഹ്യ നിർമ്മിതി ലക്ഷ്യം വെച്ച് ഒരു പുനർ വിചിന്തനത്തിനും സ്വയം മാറ്റത്തിനും നാം തയ്യാറാവണം. സ്വയം മാറാൻ തയ്യാറാവാത്തിടത്തോളം ഒരു സമൂഹത്തെയും അല്ലാഹു മാറ്റുകയില്ല എന്നാണല്ലോ ഖുർആൻ അധ്യാപനം.

മഹല്ലുകൾ കേന്ദ്രീകരിച്ച് നടത്താവുന്ന ചില വിദ്യാഭ്യാസ പ്രവർത്തനങ്ങൾ താഴെ വിശദീകരിക്കുന്നു.

1. <u>അടിസ്ഥാന പഠന ശേഷി പരിശോധന</u>

ഓരോ ക്ലാസുകളിലെത്തുമ്പോഴും വിദ്യാർത്ഥികളിൽ ചില നിശ്ചിതമായ പഠന ശേഷികൾ ഉണ്ടാവേണ്ടത് അനിവാര്യമാണ്. ഈ ശേഷികൾ നേടാതെ അടുത്ത ക്ലാസിലേക്ക് പോവുമ്പോൾ പാഠഭാഗങ്ങൾ വേണ്ട പോലെ മനസ്സിലാക്കാനോ പഠിക്കാനോ പരീക്ഷയിൽ ഉന്നത മാർക്ക് വാങ്ങാനോ കുട്ടികൾക്കാവില്ല. അത് കൊണ്ടാണ് അഞ്ചിലും ആറിലും എത്തിയിട്ടും എഴുതാനും വായിക്കാനും

അറിയാത്ത കുട്ടികൾ ഉണ്ടാവുന്നത്. ഈ കുട്ടികൾ ക്രമേണ പഠനം നിർത്തുകയോ പൊതു പരീക്ഷയിൽ പരാജയപ്പെടുകയോ ആണ് കാണപ്പെടാറുള്ളത്. അടിസ്ഥാന പഠന ശേഷി പരിശോധന നടത്തുന്നതിലൂടെ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്താനാവും.

എങ്ങനെ അടിസ്ഥാന പഠനശേഷി പരിശോധന നടത്താം?

പ്രദേശത്തെ പരിചയ സമ്പന്നരായ സ്കൂൾ അധ്യാപകരെ കണ്ട് കുട്ടികളിൽ ഓരോ ക്ലാസിലെത്തുമ്പോഴും ഉണ്ടായിരിക്കേണ്ട ശേഷികൾ വിലയിരുത്താനുതകുന്ന ഒരു ചോദ്യാവലി തയ്യാറാക്കി തരാൻ ആവശ്യപ്പെടുക. മലയാളം, കണക്ക്, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ വിഷയങ്ങളിൽ ഓരോ ക്ലാസിലേക്കും വ്യത്യസ്ത ചോദ്യ പേപ്പറുകളാണ് ഉണ്ടാവേണ്ടത്. മലപ്പുറം ജില്ലയിൽ നടപ്പിലാക്കി വരുന്ന വിജയഭേരി പദ്ധതിയുടെ ഭാഗമായി നടത്തിയ അടിസ്ഥാന പഠനശേഷി പരിശോധനയുടെ ചോദ്യ പേപ്പർ ഇതിന് മാതൃകയാക്കാവുന്നതാണ്. സിലബസും പഠന രീതികളുമെല്ലാം മാറിയിട്ടുള്ളതിനാൽ അത് അതേ പടി ഉപയോഗിക്കരുത് എന്ന് മാത്രം.

മഹല്ലിലെ 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരു ഒഴിവു ദിവസം മദ്രസാ ഹാളിലോ സ്കൂളിലോ വിളിച്ചു വരുത്തി ഈ പരീക്ഷ നടത്തുക. ഉത്തര പേപ്പർ വിലയിരുത്തി ഏറ്റവും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്താവുന്നതാണ്. പ്രദേശത്തെ അധ്യാപകരുടെ സഹായം ഇതിന് വേണ്ടി ഉപയോഗപ്പെടുത്താം.

2. <u>റെമഡിയൽ കോച്ചിംഗ്</u>

ഇപ്പോൾ നാം ഓരോ ക്ലാസിലെയും അടിസ്ഥാന പഠനശേഷികൾ ഇല്ലാത്ത കുട്ടികളെ കണ്ടെത്തിയിരിക്കുന്നു. ഇനി ഈ കുട്ടികളിൽ ഈ ശേഷികൾ ഉണ്ടാക്കിയെടുക്കാൻ നമുക്കെന്ത് ചെയ്യാനാവും എന്ന് നോക്കാം.

നേരത്തെ ചോദ്യപേപ്പർ തയ്യാറാക്കിയ അധ്യാപകരെ കൊണ്ട് തന്നെ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പഠിപ്പിക്കേണ്ട കാര്യങ്ങൾ ഒരു സിലബസ് ക്രമത്തിൽ തയ്യാറാക്കി തരാൻ ആവശ്യപ്പെടുക. ഇത് വളരെ എളുപ്പമുള്ള കാര്യമാണ്. ഉദാഹരണത്തിന് ഹിന്ദി വായിക്കാനറിയാത്ത കുട്ടികളെ ഹിന്ദി അക്ഷരമാല മുതൽ വാക്കുകൾ കൂട്ടി വായിക്കാൻ സാധ്യമാകുന്നത് വരെ എന്തെല്ലാം കാര്യങ്ങളാണോ പഠിപ്പിക്കേണ്ടത് അവ സിലബസ് രൂപത്തിൽ തയ്യാറാക്കുക. ശേഷം മഹല്ലിലെ ഡിഗ്രിക്ക് പഠിക്കുന്നവരോ പഠിച്ചവരോ ആയ ആളുകളെയും അധ്യാപകരെയും വിദ്യാഭ്യാസമുള്ള മദ്രസാധ്യാപകരെയും ഉപയോഗപ്പെടുത്തി മദ്രസാ ഹാളിലോ മറ്റോ വെച്ച് ഇക്കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കുക. വെക്കേഷൻ, ഒഴിവു ദിവസങ്ങൾ, രാത്രി സമയം ഒക്കെ ഇതിന് വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്.

3. മോട്ടിവേഷൻ ക്ലാസുകൾ

വിദ്യാർത്ഥികളുടെ പഠന നിലവാരം പ്രതീക്ഷക്കൊത്ത് ഉയരണമെങ്കിൽ അവരെ നിരന്തര പ്രചോദിതരാക്കേണ്ടതുണ്ട്. ജീവിതത്തിൽ നേട്ടങ്ങൾ ഉണ്ടാവണമെന്ന ആഗ്രഹവും ആരായി തീരണമെന്ന ലക്ഷ്യബോധവും ഉണ്ടെങ്കിൽ മാത്രമേ കുട്ടികളിൽ പഠനത്തോട് താൽപര്യവും ആവേശവുമുണ്ടാവുകയുള്ളൂ. പഠനത്തിൽ കുട്ടികൾ അലസരാണ് എന്നതാണല്ലോ മിക്കപ്പോഴും രക്ഷിതാക്കളുടെ പരാതി.

അലസത മാറ്റി വിദ്യാർത്ഥികളിൽ പഠനത്തോട് താൽപര്യവും ശുഭ മനോഭാവവും ഉണ്ടാക്കിയെടുക്കാനുള്ള ഒരു വഴിയാണ് മോട്ടിവേഷൻ ക്ലാസുകൾ. അക്കാദമിക വർഷാരംഭത്തിലും വെക്കേഷൻ വേളകളിലും മഹല്ലിലെ യു.പി.മുതൽ ഹൈസ്കൂൾ വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സമർത്ഥരായ മോട്ടിവേഷൻ പരിശീലകരെ വെച്ച് ക്ലാസുകൾ സംഘടിപ്പിക്കുക. ഇത് കുട്ടികളിൽ ആശാവഹമായ മാറ്റം ഉണ്ടാക്കും.

4. എങ്ങനെ പഠിക്കണം

പഠിക്കാൻ താൽപര്യമുണ്ടെങ്കിലും എങ്ങനെ പഠിക്കണമെന്നറിയാത്തത് പലപ്പോഴും കുട്ടികളെ പ്രശ്നത്തിലാക്കുകയും പഠനത്തോട് മടുപ്പുണ്ടാക്കുകയും ചെയ്യുന്നു. ശാസ്ത്രീയ പഠന രീതികൾ വിദ്യാർത്ഥികൾ ശീലിപ്പിക്കപ്പെട്ടാൽ ഈ പ്രശ്നം ഒഴിവാക്കാനാവും. കുറഞ്ഞ സമയത്തിനിടക്ക് എങ്ങനെയാണ് കൂടുതൽ കാര്യങ്ങൾ പഠിച്ചെടുക്കുക, പഠിച്ച കാര്യങ്ങൾ എങ്ങനെ ഓർത്തിരിക്കാം? എങ്ങനെ പഠനം രസകരമാക്കാം, പഠിക്കാനുള്ള സൂത്ര വിദ്യകൾ എന്തെല്ലാം? എന്നിവ വിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ നല്ല പരിശീലകരെ വെച്ച് കുട്ടികൾക്ക് ക്ലാസുകൾ സംഘടിപ്പിക്കാം, യു.പി, ഹൈസ്കൂൾ, പ്ലസ്ടു വിദ്യാർത്ഥികൾക്ക് അക്കാദമിക വർഷാരംഭത്തിലും അവധിക്കാലത്തും ഈ ക്ലാസുകൾ നൽകാം.

5. വിജയികളെ അനുമോദിക്കുക

പരീക്ഷകളിൽ ഉന്നത വിജയം വരിച്ച വിദ്യാർത്ഥികളെ പൊതു സദസിൽ വെച്ച് ആദരിക്കുക വഴി വിജയികൾക്ക് അംഗീകാരം നൽകാനും മറ്റു വിദ്യാർത്ഥികളിൽ ഇത് പോലെ വിജയം നേടാനുള്ള ആഗ്രഹം ജനിപ്പിക്കാനും കഴിയും. ഇത്തരം ഘട്ടങ്ങളിൽ മഹല്ല് പോലുള്ള നേതൃത്വങ്ങളിൽ നിന്ന് ലഭിക്കുന്ന ആദരം അവരെ ഭാവിയിൽ സാമൂഹ്യ പ്രതിബദ്ധതയും കടപ്പാടുമുള്ളവരാക്കി മാറ്റും. എസ്.എസ്.എൽ.സി, പ്ലസ്ടു റിസൽട്ടുകൾ വന്നാൽ ഉയർന്ന മാർക്കും ഗ്രേഡും വാങ്ങിയ

വിദ്യാർത്ഥികളെ പൊതു സദസിൽ വെച്ച് ആദരിക്കുകയും അവർക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്യുക.

6. കരിയർ പ്ലാനിംഗ് ക്ലാസുകൾ

ഏത് കാര്യത്തിലുമെന്ന പോലെ, പഠനത്തിലും കൃത്യമായ ലക്ഷ്യം ഉണ്ടെങ്കിൽ മാത്രമേ ഉന്നത വിജയം വരിക്കാനാവൂ. ജീവിതത്തിൽ ആരായി തീരണമെന്ന ആഗ്രഹമോ ലക്ഷ്യമോ ഇല്ലാതെ പഠിക്കുന്നത് എങ്ങോട്ടെന്നില്ലാതെ യാത്ര ചെയ്യുന്നതു പോലെയാണ്. ലക്ഷ്യം ആവേശവും താൽപര്യവും ജനിപ്പിക്കും. അതിനാൽ നമ്മുടെ കുട്ടികൾ കൊച്ചുനാൾ തൊട്ടെ ലക്ഷ്യ ബോധമുള്ളവരായി മാറണം. എന്താണ് പഠിക്കേണ്ടതെന്നും ലക്ഷ്യം നേടാനുള്ള വഴിയെന്താണെന്നും കുട്ടികൾ അറിയണം. വർഷത്തിലൊരിക്കലെങ്കിലും കരിയർ പ്ലാനിംഗ് & ഗോൾ സെറ്റിംഗ് ക്ലാസുകൾ നൽകുന്നതിലൂടെ ഇത് സാധിക്കും. ഈ ക്ലാസും നല്ല പരിശീലകരെ വെച്ച് അവധിക്കാലത്തോ മറ്റോ സംഘടിപ്പിക്കാവുന്നതാണ്. യു.പി, ഹൈസ്കൂൾ കുട്ടികളെയാണ് ഈ ക്ലാസിൽ പങ്കെടുപ്പിക്കേണ്ടത്.

7. പത്താം ക്ലാസുകാർക്ക് പ്രത്യേക പരിശീലനം

എസ്.എസ്.എൽ.സി ആണല്ലോ നമ്മുടെ കുട്ടികൾ ആദ്യമായി നേരിടേണ്ടി വരുന്ന പൊതു പരീക്ഷ. ഈ പരീക്ഷയിൽ നേടുന്ന സ്കോർ ആണ് ഒരു പരിധി വരെ വിദ്യാർത്ഥികളുടെ ഭാവി നിർണയിക്കുന്ന പ്രധാന ഘടകം. നിരന്തര പ്രോത്സാഹനവും പരിശീലനവും ഉണ്ടെങ്കിൽ ഏത് കുട്ടിക്കും ഈ പരീക്ഷ അനായാസം നേരിടാനും ഉയർന്ന മാർക്ക് വാങ്ങാനും കഴിയും.

ഇതിനായി പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് വേണ്ടി നമുക്ക് ചില സപ്പോർട്ടിംഗ് പരിശീലനങ്ങൾ നൽകാവുന്നതാണ്. മഹല്ലിലെ അധ്യാപകരെയും മറ്റു വിദ്യാസമ്പന്നരായ ആളുകളെയും വെച്ച് വിദ്യാർത്ഥികൾക്ക് പ്രയാസമുള്ള വിഷയങ്ങളിൽ ഒഴിവു ദിവസങ്ങളിലും വെക്കേഷൻ സമയത്തും പ്രത്യേക കോച്ചിംഗുകൾ ഒരു 'കമ്മ്യൂണിറ്റി സ്കൂൾ' മോഡലിൽ നടത്താവുന്നതാണ്. ഇംഗ്ലീഷ്, കണക്ക്, ഹിന്ദി, സയൻസ് വിഷയങ്ങളിൽ സൗജന്യ ട്യൂഷനാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പല മഹല്ലുകളിലും നാട്ടു പ്രദേശങ്ങളിലും വിജയകരമായി നടപ്പിലാക്കി നല്ല റിസൽട്ടുകൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

8. കരിയർ ഗൈഡൻസ് ക്ലാസുകൾ

പത്താം ക്ലാസിനു ശേഷം എന്ത് പഠിക്കണം ഏത് കോഴ്സിന് ചേരണം, എതു സ്ഥാപനത്തിൽ പഠിക്കണം, എന്തൊക്കെയാണ് അഡ്മിഷൻ പ്രൊസീഡറുകൾ എന്നറിയാതെ വിദ്യാർത്ഥികളും രക്ഷിതാക്കളും വല്ലാതെ പ്രയാസപ്പെടാറുണ്ട്. ശരിയല്ലാത്ത വിവരങ്ങൾ പലപ്പോഴും അബദ്ധങ്ങളിൽ

കൊണ്ടെത്തിക്കുകയും ചെയ്യും. ശാസ്ത്രീയമായ കരിയർ ഗൈഡൻസ് ശില്പശാലകളിലൂടെ കോഴ്സുമായി ബന്ധപ്പെട്ട സകല വിവരങ്ങളും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ലഭിക്കുകയും തീരുമാനമെടുക്കാൻ അവരെ സഹായിക്കുകയും ചെയ്യും. ഓരോ കുട്ടിയുടെയും കഴിവിനും അഭിരുചിക്കുമിണങ്ങിയ കോഴ്സുകൾ തെരഞ്ഞെടുക്കാൻ കരിയർ ഗൈഡൻസ് ക്ലാസുകൾ സഹായിക്കുമെന്നതിനാൽ പബ്ലിക്ക് എക്സാമിനേഷൻ അവസാനിക്കുന്നതോടു കൂടെ ഓരോ മഹല്ലിലും കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്. പരിചയ സമ്പന്നരായ കരിയർ കൗൺസിലർമാരുടെയും ട്രെയിനർമാരുടെയും സഹായത്തോട് കൂടെയായിരിക്കണം ക്ലാസുകൾ സംഘടിപ്പിക്കേണ്ടത്.

9. ഗൃഹസന്ദർശനം

പൊതു പരീക്ഷയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് പഠന വിവരങ്ങൾ അന്വേഷിക്കുന്നത് കുട്ടികൾക്ക് നല്ല പ്രോത്സാഹനമാണ്. അതോടൊപ്പം രക്ഷിതാക്കളെ ബോധവൽക്കരിക്കാനും ഇതുപകരിക്കും. പഠനത്തിൽ പരിഗണന നൽകുന്നതും അവരുടെ രക്ഷിതാക്കളെ പ്രത്യേകം ബോധവൽക്കരിക്കുന്നതും തുടർ പഠനം അവസാനിപ്പിക്കുന്ന പ്രവണത നിർത്തലാക്കാനും സാധിക്കും. മഹല്ല് ഭാരവാഹികളും ഇമാം/ മുഅല്ലിമുകളും സാമൂഹ്യ പ്രവർത്തകരും ചേർന്നാണ് വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കേണ്ടത്.

10. സ്കോളർഷിപ്പുകൾ

സാമ്പത്തിക പരാധീനത കൊണ്ട് ആരും പഠനം നിർത്തുകയോ ഒരാൾക്കും അർഹതപ്പെട്ട അവസരങ്ങൾ നിഷേധിക്കപ്പെടുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടത് മഹല്ല് നേതൃത്വത്തിന്റെ ബാധ്യതയാണ്. സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠന ചെലവുകൾക്ക് സഹായകമാവുന്ന വിധത്തിൽ സ്കോളർഷിപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ ഒരു പരിധി വരെ ഈ പ്രശ്നം പരിഹരിക്കപ്പെടും. മഹല്ലിനു അകത്തും പുറത്തുമായുള്ള ഉദാരമതികളായ സമ്പന്നർ, സാമ്പത്തിക ഭദ്രതയുള്ള ഗൾഫ് ജോലിക്കാർ, ബിസിനസുകാർ തുടങ്ങിയവരെ കണ്ട് ഇതിനാവശ്യമായ ഫണ്ട് ശേഖരിക്കാം.

ഗവൺമെന്റ് സ്കോളർഷിപ്പുകൾ, സന്നദ്ധ സംഘടനകൾ നൽകുന്ന സ്കോളർഷിപ്പുകൾ എന്നിവയെക്കുറിച്ച് കൃത്യമായ വിവരമുള്ള പ്രവർത്തകരെ ഈ ദൗത്യം ഏൽപ്പിക്കുന്നത് ചെലവ് കുറഞ്ഞ രീതിയിൽ സ്കോളർഷിപ്പ് സംവിധാനം നടപ്പിലാക്കാൻ സാധിക്കും.

11. വെക്കേഷൻ ക്യാമ്പുകൾ

വിദ്യാഭ്യാസം കൊണ്ട് സാധ്യമാവേണ്ടത് ഒരു വിദ്യാർത്ഥിയുടെ ബഹുമുഖ പുരോഗതിയാണ്. പഠന പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര അനുഭവങ്ങൾ കൂടി വിദ്യാർത്ഥികൾക്ക് പകർന്ന് നൽകിയാലേ പുതിയ കാലത്തിന്റെ വെല്ലു വിളികളെ നേരിടാൻ പ്രാപ്തരായ ഒരു തലമുറയെ നമുക്ക് സൃഷ്ടിക്കാനാവൂ, ബൗദ്ധിക വളർച്ചയോടൊപ്പം തന്നെ കുട്ടികളിൽ മാനസികവും വൈകാരികവും സാമൂഹ്യവും ആത്മീയവുമായ അഭിവൃദ്ധികൾ ഉണ്ടാവണം. പഠനം, വ്യക്തിത്വ വികാസം, ബിഹേവിയറൽ മാനേജ്മെന്റ്, ജീവിത നൈപുണികൾ, നേതൃത്വം, മൂല്യ ബോധം തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങളിൽ ക്ലാസുകളും പരിശീലനവും നൽകുന്നത് കുട്ടികളുടെ സമഗ്ര വളർച്ചയെ സഹായിക്കും. വേനലവധിക്കാലത്തും മറ്റും രണ്ടോ മൂന്നോ ദിവസം നീണ്ട് നിൽക്കുന്ന രൂപത്തിലുള്ള ക്യാമ്പുകൾ സംഘടിപ്പിച്ച് പരിചയ സമ്പന്നരായ പരിശീലകരെ കൊണ്ട് ക്ലാസുകൾ എടുപ്പിക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ ആശാവഹമായ മാറ്റം ഉണ്ടാക്കാനും അവരെ ലക്ഷ്യ ബോധമുള്ളവരും ധർമ്മ വിചാരവും സാമൂഹ്യ പ്രതിബദ്ധതയുള്ളവരുമാക്കി മാറ്റാൻ സാധിക്കും.

12. രക്ഷാകർതൃ ബോധവൽക്കരണം

ഒരു കുട്ടിയുടെ ബഹുമുഖ വളർച്ചയിൽ രക്ഷിതാക്കൾ വഹിക്കുന്ന പങ്ക് ഇവിടെ വിശദീകരിക്കേണ്ടതില്ലല്ലോ. സ്വഭാവ രൂപീകരണം, പഠനം, ആത്മ വിശ്വാസം, ലക്ഷ്യബോധം, ജീവിത ശേഷികൾ, മൂല്യബോധം തുടങ്ങിയ എല്ലാ ഗുണങ്ങളും കുട്ടികളിൽ വളർത്തിയെടുക്കേണ്ട ബാധ്യത രക്ഷിതാക്കൾക്കാണ്. കുട്ടികളുടെ വളർച്ചാ ഘട്ടങ്ങളെ കുറിച്ചും ചോദനകളെ കുറിച്ചും കൃത്യമായ അറിവും ബോധ്യവുമുള്ള ഒരാൾക്കേ നല്ല രക്ഷിതാവാകാനാവൂ. എന്നാൽ ഇവയെല്ലാം നേടിയെടുക്കുക എളുപ്പമല്ലാത്തതിനാൽ കുടുംബ ജീവിതം സ്നേഹ പൂർണ്ണവും അനുഗ്രഹീതവുമാക്കാനുതകുന്ന ചില പെരുമാറ്റ രീതികൾ രക്ഷിതാക്കൾ അറിഞ്ഞിരിക്കേണ്ടത് നിർബന്ധമാണ്. അത് കുട്ടികളുടെ പഠനത്തിലും സമീപനത്തിലും പെരുമാറ്റത്തിലും സർവ്വോപരി കുടുംബാന്തരീക്ഷത്തിലും ഗണ്യമായ മാറ്റം ഉണ്ടാക്കാൻ സാധിക്കും. നല്ല കുടുംബങ്ങളിൽ നിന്ന് മാത്രമേ നല്ല സമൂഹം ഉണ്ടാവുകയുള്ളൂ. വർഷത്തിൽ ഏറ്റവും ചുരുങ്ങിയത് രണ്ട് പ്രാവശ്യമെങ്കിലും രക്ഷിതാക്കൾക്ക് ഈയർത്ഥത്തിലുള്ള ബോധവൽക്കരണം നൽകേണ്ടത് അനിവാര്യമാണ്. കുടുംബ മന:ശാസ്ത്രത്തിൽ നല്ല അറിവുള്ള പരിശീലകരെ വെച്ച് മഹല്ലുകളിൽ കുടുംബസംഗമവും പരിശീലനങ്ങളും നടത്താവുന്നതാണ്.

13. ഗൈഡൻസ് സെൽ

വിദ്യാഭ്യാസ അവസരങ്ങൾ, വിവിധ കോഴ്സുകളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ, സ്കോളർഷിപ്പുകൾ സർക്കാർ പദ്ധതികൾ തുടങ്ങി വിവിധ മേഖലകളുമായി ബന്ധപ്പെട്ട

വിവരങ്ങൾ തത്സമയത്ത് ലഭിക്കാത്തതു കൊണ്ട് നമ്മളിൽ പലർക്കും അവസരങ്ങൾ നഷ്ടപ്പെടാറുണ്ട്. പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ വിവിധ വിദ്യാഭ്യാസ തൊഴിൽ, കാർഷിക പദ്ധതികളും സാമ്പത്തിക, സഹായവും മുന്നോട്ട് വെക്കുന്നുണ്ട്. പക്ഷേ വ്യക്തമായ വിവരം ലഭിക്കാത്തതു മൂലം നമുക്ക് ഇതിന്റെ ഗുണഭോക്താക്കളാവാൻ കഴിയുന്നില്ല എന്നതാണ് സത്യം. മഹല്ലിൽ ഒരു ഗൈഡൻസ് സെൽ ഉണ്ടാവുകയാണെങ്കിൽ ഇത്തരം വിവരങ്ങൾ ശേഖരിക്കുകയും വെള്ളിയാഴ്ച പ്രസംഗങ്ങളിലൂടെയും നോട്ടീസുകളിലൂടെയും വിവരങ്ങൾ പൊതു ജനങ്ങളിലെത്തിക്കാനും അർഹരായവരെക്കൊണ്ട് അപേക്ഷിപ്പിക്കാനും സാധിക്കും. ജാതി മത വിഭാഗീയതകൾക്കപ്പുറം സമൂഹത്തിനൊന്നാകെ സേവനം ചെയ്യാനും സാമൂഹ്യ സഹവർത്വത്തിനായി കൈകോർക്കാനുമുള്ള മഹല്ല് സംരംഭമായും ഇതിനെ കാണാം.

സാമൂഹ്യ സേവന സന്നദ്ധരായ വിദ്യാ സമ്പന്നരെയും അധ്യാപകരെയും ഈ സംരംഭത്തിന്റെ ചുമതലയേൽപ്പിച്ചാൽ ഇത് ഭംഗിയായി മുന്നോട്ട് കൊണ്ട് പോവാനാവും.

14. മഹല്ല് വിദ്യാഭ്യാസ സമിതി

മുകളിൽ വിശദീകരിച്ചതു പോലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നല്ല 'വർക്ക് ഫോഴ്സ്' ആവശ്യമാണ്. നിലവിലുള്ള മഹല്ല് കമ്മിറ്റിയെക്കൊണ്ട് മാത്രം ഇത് മുന്നോട്ട് കൊണ്ട് പോവാനാവില്ല. അതിനാൽ ഒരു മഹല്ല് കമ്മിറ്റിക്ക് കീഴിൽ വിദ്യാഭ്യാസ സമിതി രൂപീകരിച്ച് ഒരു വർഷക്കാലയളവിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കുകയും അവ നടപ്പിലാക്കാനാവശ്യമായ ആസൂത്രണങ്ങൾ നടത്തുകയും ചെയ്യുക. ഈ മഹല്ല് വിദ്യാഭ്യാസ സമിതിക്കായിരിക്കും പ്രസ്തുത പ്രവർത്തനങ്ങൾ നടത്താനുള്ള ചുമതലയും സ്വാതന്ത്ര്യവും. മഹല്ല് കമ്മിറ്റിയിൽ നിന്ന് ഒരാളെ ഈ കമ്മിറ്റിയുടെ പ്രതിനിധിയായി നിയമിച്ചാൽ മഹല്ല് കമ്മിറ്റിയ്ക്ക് വിദ്യാഭ്യാസ സമിതിയുടെ മേലുള്ള മേൽനോട്ടം ഉറപ്പ് വരുത്താനാവും.

സാമൂഹ്യ സേവന സന്നദ്ധതയുള്ള യോഗ്യരായ വിദ്യാ സമ്പന്നരെയും അധ്യാപകരെയും ആണ് മഹല്ല് വിദ്യാഭ്യാസ സമിതിയിൽ അംഗങ്ങളാക്കേണ്ടത്. ആസൂത്രണം, ഫണ്ട് കണ്ടെത്തൽ, ഫോളോ അപ്പ് പ്രവർത്തനങ്ങൾ, റിപ്പോർട്ടിംഗ് തുടങ്ങിയവ ഈ സമിതിയുടെ ചുമതലയിൽ വരും. വർഷാവസാനം വിദ്യാഭ്യാസ സമിതി വാർഷിക റിപ്പോർട്ട് മഹല്ല് കമ്മിറ്റിയ്ക്ക് സമർപ്പിക്കണം.

തൊഴിൽ

തൊഴിലില്ലായ്മയിൽ മുൻ നിരയിൽ നിൽക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2001 ലെ ജനസംഖ്യ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യയിലെ തൊഴിൽ പങ്കാളിത്തം 3.23 % ആണ്. 2006 ൽ നടന്ന സർവ്വെ കാണിക്കുന്നത് ഇത് 32.7% ആണ് എന്നാണ്. ആറ് വർഷത്തിന് ശേഷവും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്നർത്ഥം. കേരളത്തിലെ മുസ്‌ലിംകളുടെ തൊഴിൽ നിരക്ക് കൃത്യമായി ഇത് വരെ കണക്കാക്കപ്പെട്ടിട്ടില്ല. 2009 ൽ കേരളത്തിലെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ 'സിജി' നടത്തിയ സാംപിൾ സർവ്വേ പ്രകാരം മുസ്‌ലിംകളുടെ തൊഴിൽ നിരക്ക് സംസ്ഥാന ശരാശരിയേക്കാളും വളരെ പിറകിലാണ് എന്നാണ്. 28.9 ശതമാനമാണ് മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലെ മൊത്തം ജനസംഖ്യയിലെ തൊഴിൽ പങ്കാളിത്തം. തൊഴിൽ മേഖലയിലെ ലിംഗ പരമായ അസമത്വവും ഈ സർവ്വേ ഫലം ചൂണ്ടിക്കാണിക്കുന്നുണ്ട്. 44.6 % ആണ് മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തമെങ്കിൽ സ്ത്രീകളുടേത് വെറും 4.6 % മാത്രമാണ്.

ഗവൺമെന്റ് തൊഴിൽ മേഖലയിലെ മുസ്‌ലിം പങ്കാളിത്തത്തിലെ പിന്നാക്കാവസ്ഥ ഇന്നോളം പുറത്ത് വന്നിട്ടുള്ള എല്ലാ പഠന റിപ്പോർട്ടുകളിലും എടുത്ത് കാണിക്കപ്പെട്ടിട്ടുള്ളതാണ്. ഏറ്റവും അടുത്തായി പ്രസിദ്ധീകരിക്കപ്പെട്ട സച്ചാർ കമ്മിറ്റി റിപ്പോർട്ട് പുറപ്പെടുവിച്ച വിവിധ മേഖലകളിലെ മുസ്‌ലിം പങ്കാളിത്തത്തിന്റെ സ്ഥിതി വിവര കണക്കുകൾ മുസ്‌ലിം സമുദായത്തിന്റെ പിന്നാക്കാവസ്ഥയുടെ ആഴവും പരപ്പും തുറന്നു കാണിക്കുന്നതാണ്.

വിവിധ തൊഴിൽ മേഖലകളിലെ മുസ്‌ലിം പങ്കാളിത്തം

നമ്പർ	തൊഴിൽ മേഖലകൾ	പ്രാതിനിധ്യം
1	ഇന്ത്യൻ റെയിൽവെ	4.5% – ഇതിൽ 98% ലോവർ ക്ലാസ് തസ്തികകളിലാണ്
2	പോലീസ്	6%
3	ട്രാൻസ്പോർട്ട്	6.5%
4	ആരോഗ്യം	4.4%
5	യൂണിവേഴ്സിറ്റി	4.7%
6	നീതിന്യായ വ്യവസ്ഥ	7.8%
7	സൈന്യം	3.2%
8	ബാങ്കിംഗ്	2.7%

സച്ചാർ കമ്മിറ്റി റിപ്പോർട്ട് 2008

നയതന്ത്ര മേഖലകളിലെ മുസ്‌ലിം പ്രാതിനിധ്യം

നമ്പർ	മേഖലകൾ	പ്രാതിനിധ്യം
1	ഐ.എ.എസ്	3%
2	ഐ.എഫ്.എസ്	1.8%
3	ഐ.പി.എസ്	4%

സച്ചാർ കമ്മിറ്റി റിപ്പോർട്ട് 2008

തന്ത്രപ്രധാന തീരുമാനങ്ങൾ എടുക്കപ്പെടുന്ന മേഖലകളിലും അധികാരങ്ങൾ കൈയ്യാളുകളെയും വികേന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്ന സ്ഥാനങ്ങളിലെയും മുസ്‌ലിംകളുടെ അസന്തുലിത പ്രാതിനിധ്യം രാജ്യത്തിന്റെ സമഗ്ര പുരോഗതിയെയാണ് പിറകോട്ട് വലിക്കുന്നത് എന്ന് നാം ഓർക്കണം. ഇന്ത്യ മാനവ വിഭവ ശേഷിയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന രാജ്യമാണ്. മനുഷ്യ വിഭവ ശേഷിയിൽ സമഗ്രവും വിപ്ലവാത്മകവുമായ പുരോഗതിയാണ് ഇന്ത്യ സ്വപ്നം കാണുന്നതെന്നിരിക്കെ, ഈ മുന്നേറ്റത്തോടൊപ്പം നമുക്കും ഓടിയെത്താനായില്ലെങ്കിൽ ഇനിയും നൂറ്റാണ്ടുകളോളം നാം പിന്നാക്കക്കാരും അരികു വൽക്കരിക്കപ്പെട്ടവരുമാകും.

ഏറ്റവും ചുരുങ്ങിയത് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യമെങ്കിലും എല്ലാ മേഖലകളിലും നാം നേടിയെടുക്കേണ്ടത് അനിവാര്യമാണ്. കേരളത്തിലെ ഇതര മത-സാമൂഹ്യ വിഭാഗങ്ങളുടെ ഗവൺമെന്റ് തൊഴിൽ രംഗത്തെ പ്രാതിനിധ്യവുമായി താരതമ്യം ചെയ്യുമ്പോൾ മുസ്‌ലിം പിന്നാക്കാവസ്ഥയുടെ രൂക്ഷത കൂടുതൽ വ്യക്തമാകും. 2006 ൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ പഠന പ്രകാരം കേരളത്തിലെ പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങളേക്കാൾ ജനസംഖ്യാനുപാതികമായി പിന്നാക്കമാണ് മുസ്‌ലിംകൾ എന്ന് കാണാം.

സർക്കാർ ഉദ്യോഗത്തിലെ ആനുപാതിക പ്രാതിനിധ്യം			
വിഭാഗം	ജനസംഖ്യയിലെ % (a)	സർക്കാർ ഉദ്യോഗ സ്ഥരിലെ % (b)	ആനുപാതികമായ കുറവ്/ കൂടുതൽ $\frac{(b-a)100}{b}$
ക്രിസ്ത്യൻ	18.3	20.6	+11.0
മുസ്‌ലിം	26.9	11.4	- 136.0
നായർ	12.5	21.0	+40.5
മറ്റു മുന്നോക്ക ഹിന്ദു	1.3	3.1	+56.5
ഈഴവർ	22.2	22.7	0.02

മറ്റു പിന്നാക്കക്കാർ	8.2	5.8	-41.0
പട്ടികജാതി	9.0	7.6	-22.6
പട്ടികവർഗം	1.2	0.8	-49.5

ഗവൺമെന്റ് തൊഴിൽ മേഖലകളിലെ വിവിധ മത സാമൂഹ്യ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതിക പ്രാതിനിധ്യം.

കേരള പഠനം 2006

കേരള ജനസംഖ്യയുടെ 26.9% മുസ്‌ലിംകളാണെന്നിരിക്കെ സർക്കാർ ഉദ്യോഗങ്ങളിൽ മുസ്‌ലിംകൾ 11.4% മാത്രമാണ്. പട്ടികജാതി/ പട്ടിക വർഗ വിഭാഗങ്ങൾ മാത്രമാണ് ജനസംഖ്യാനുപാതികമായി ഉദ്യോഗ തലങ്ങളിൽ പിന്നാക്കം നിൽക്കുന്ന മറ്റു സാമൂഹ്യ വിഭാഗങ്ങൾ. എന്നാൽ അവരെക്കാളും ഒരുപാടേറെ പിറകിലാണ് മുസ്‌ലിംകൾ എന്നാണ് മുകളിൽ കൊടുത്തിരിക്കുന്ന ടേബിൾ വ്യക്തമാക്കുന്നത്.

കൃത്യമായ ബോധവൽക്കരണ പരിപാടികളിലൂടെയും നിരന്തര പരിശീലനങ്ങളിലൂടെയും ഗ്രാമ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ചെറിയ മുന്നേറ്റങ്ങളുണ്ടാക്കാനായാൽ അത് രാജ്യ പുരോഗതിയോടൊപ്പം മുസ്‌ലിം സമൂഹത്തെയും മുന്നോട്ട് നയിക്കാൻ സഹായിക്കുന്ന മഹത്തായ പ്രവർത്തനമായിരിക്കും. മുസ്‌ലിം സമൂഹത്തിന്റെ അടിസ്ഥാന നേതൃത്വമെന്ന നിലയ്ക്ക് മഹല്ലുകൾക്കാണ് ഇതിന്റെ ഉത്തരവാദിത്വം. മഹല്ലുകൾ കേന്ദ്രീകരിച്ച് ഈയർത്ഥത്തിൽ നടപ്പിലാക്കാവുന്ന ഏതാനും ചില പ്രവർത്തനങ്ങൾ ഇവിടെ വിശദമാക്കുന്നു.

1. വിവരശേഖരണം/ സർവ്വെ

മഹല്ല് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ ശാസ്ത്രീയവും കാര്യക്ഷമവുമാകണമെങ്കിൽ നിലവിലുള്ള സാമൂഹ്യ സാഹചര്യം കൃത്യമായി വിലയിരുത്തേണ്ടതുണ്ട്. ഓരോ മേഖലകളിലും മഹല്ല് ഉൾക്കൊള്ളുന്ന ശക്തിയും വിഭവവും, നേരിടുന്ന പ്രയാസങ്ങളും മനസ്സിലാക്കി വേണം പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും, നടപ്പിലാക്കാനും. മഹല്ലിലെ ജനസംഖ്യ, സ്ത്രീ പുരുഷാനുപാതം, വിദ്യാർത്ഥികളുടെ എണ്ണം, തൊഴിൽ, സാമ്പത്തിക സ്ഥിതി, വരുമാനം, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം തുടങ്ങി സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട വിവരങ്ങൾ സർവ്വേ വഴി ശേഖരിച്ചാൽ, അവയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനാവും. ഈ രീതി നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ വ്യവസ്ഥാപിതവും ശാസ്ത്രീയവുമാക്കും. ഉദാഹരണത്തിന്, ഒരു മഹല്ലിൽ യാതൊരു വരുമാനവുമില്ലാത്ത 10

കുടുംബങ്ങൾ ഉണ്ടെന്ന് സർവ്വേയിലൂടെ കണ്ടെത്തപ്പെടുകയാണെങ്കിൽ അടിയന്തിരമായി അവരെ സ്വയം പ്രാപ്തരാക്കാനുള്ള മാർഗ്ഗം നമുക്ക് കണ്ടെത്താനാവും. ഇത് പോലെ, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തികം, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ കണ്ടെത്തുക, പരിഹാര മാർഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. എന്നാൽ കൂടുതൽ ഫലപ്രദവും സുസ്ഥിരവുമായ വികസനം മഹല്ലിൽ ഉണ്ടാക്കാനാവും. ശാസ്ത്രീയമായി സംവിധാനിക്കപ്പെട്ട സർവ്വേയിലൂടെ ഈ വിവരങ്ങൾ ശേഖരിക്കാം. ആവശ്യമായ വിവരങ്ങൾ ലഭ്യമാകുന്ന വിധത്തിൽ സർവ്വേ ചോദ്യാവലി തയ്യാറാക്കുക. സർവ്വേയിംഗ് രീതി എന്യൂമറേറ്റർമാരെ പഠിപ്പിക്കുക. വിവരം ശേഖരിക്കുക, ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുക എന്നിവയാണ് ഇതുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ. പരിചയ സമ്പന്നരായ ആളുകളുടെ മേൽനോട്ടത്തിലായിരിക്കണം ഇത് നടപ്പിലാക്കേണ്ടത്.

2. കരിയർ ന്യൂസ് ബോർഡ്

പള്ളിയുടെ കോമ്പൗണ്ടിനോട് ചേർന്നോ പൊതു ജന ശ്രദ്ധ നേടാവുന്നിടത്തോ ഒരു കരിയർ ബോർഡ് സ്ഥാപിച്ച് ഗവൺമെന്റ്/ ഗവൺമെന്റേതര ജോലിയവസരങ്ങൾ, യോഗ്യത, അപേക്ഷിക്കേണ്ട വിധം തുടങ്ങിയ വിവരങ്ങൾ, കോഴ്സുകളുടെ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ പരസ്യപ്പെടുത്തുക. സമയാ സമയങ്ങളിൽ പൊതു ജനങ്ങളിലേക്ക് വിവരം എത്തിക്കാനുള്ള ഒരു നല്ല മാർഗമാണിത്. കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളവർക്ക് ബന്ധപ്പെടാവുന്ന ആളുകളുടെ പേരും ഫോൺ നമ്പറും നൽകിയാൽ കൂടുതൽ സൗകര്യമാവും. ഈ ന്യൂസ് ബോർഡ് കൃത്യമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും മറ്റു ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നില്ലെന്നും ഉറപ്പ് വരുത്തണം.

3. പള്ളിയിൽ വെച്ച് അനൗൺസ്മെന്റ്

ഗവൺമെന്റ്/ഗവൺമെന്റേതര തൊഴിലവസരങ്ങൾ വിദ്യാഭ്യാസ അവസരങ്ങൾ സ്കോളർഷിപ്പുകൾ, മറ്റു സാമ്പത്തിക സഹായങ്ങൾ, ആനുകൂല്യങ്ങൾ, ഗവൺമെന്റ് പദ്ധതികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങൾ വെള്ളിയാഴ്ച ജുമുഅക്ക് ശേഷം പള്ളിയിൽ പൊതു ജനങ്ങളെ ഉണർത്തുകയും അപേക്ഷകൾ നൽകാൻ ആവശ്യപ്പെടുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യാം.

4. മത്സരപരീക്ഷകൾക്കുള്ള മോട്ടിവേഷൻ ക്ലാസുകൾ

ഗവൺമെന്റ് തൊഴിൽ രംഗത്തെ മുസ്ലിംകളുടെ മോശം പ്രാതിനിധ്യം നേരത്തെ സൂചിപ്പിച്ചുവല്ലോ. തൊഴിൽ രംഗത്തും അധികാര ശ്രേണിയിലും നമ്മുടെ സമൂഹത്തിന്റെ ആവശ്യമായ പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടത് 'ഫർള് കിഫായ' അഥവാ സാമൂഹ്യ ബാധ്യതയാണ്. സർക്കാർ ജോലിയോടുള്ള വിമുഖതയോ തയ്യാറെടുക്കാൻ ശ്രമിക്കാത്തതോ ആണ് ഈ പരിതാപകരമായ അവസ്ഥയ്ക്ക് കാരണം. സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടാവുന്നതിലുപരി രാഷ്ട്ര പുരോഗതിയുടെ ഭാഗമാവുകയാണ് സർക്കാർ ജോലികൾ നേടുന്നതിലൂടെ നാം ചെയ്യുന്നത്. യോഗ്യരായ എല്ലാ ചെറുപ്പക്കാരെ കൊണ്ടും പരീക്ഷയ്ക്ക് എഴുതിപ്പിക്കാനും തയ്യാറെടുപ്പിക്കാനും മഹല്ല് നേതൃത്വത്തിന് കഴിയണം. അവബോധക്കുറവ് കൊണ്ട് മാത്രം വിട്ട് നിൽക്കുന്ന എല്ലാ ആളുകളെയും ഇതിന്റെ ഗൗരവം ബോധ്യപ്പെടുത്തണം. അതിന്റെ ആദ്യപടിയെന്നോണം മഹല്ലിൽ ഒരു മത്സര പരീക്ഷാ മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിക്കുക, പ്രൈമറി തൊട്ട് ഉന്നത വിദ്യാഭ്യാസ യോഗ്യത വരെയുള്ള എല്ലാ സ്ത്രീ പുരുഷൻമാരെയും പങ്കെടുപ്പിച്ച് വിദഗ്ദനായ ഒരു മോട്ടിവേഷൻ ട്രെയിനറെ കൊണ്ട് ക്ലാസ് എടുപ്പിക്കുക. സർക്കാർ തൊഴിലിന്റെ പ്രാധാന്യം, മത്സരപ്പരീക്ഷയ്ക്ക് തയ്യാറെടുക്കേണ്ട വിധം, ഓരോരുത്തരുടെയും യോഗ്യതക്കനുസരിച്ച തസ്തികകൾ എന്നിവ ഈ ക്ലാസിലൂടെ ബോധ്യപ്പെടുത്താനാവും. ഇത് ഒരു നല്ല ശതമാനം ആളുകളുടെ മനോഭാവത്തിലെങ്കിലും മാറ്റമുണ്ടാക്കുകയും ക്രമേണ ഇത്തരം പരീക്ഷകൾക്ക് വേണ്ടി തയ്യാറെടുക്കുന്നത് ഒരു സ്വാഭാവമായി മാറുകയും ചെയ്യും.

5. അപേക്ഷാ കാമ്പയിൻ

മത്സരപ്പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചാൽ മഹല്ലിനുള്ളിൽ നിന്ന് അപേക്ഷ നൽകാവുന്ന ആളുകളുടെ ലിസ്റ്റ് തയ്യാറാക്കുക. സർവ്വെ നടത്തിയിട്ടുണ്ടെങ്കിൽ ഡാറ്റാ ബേസിൽ നിന്ന് ഇത് റിട്രീവ് ചെയ്തെടുക്കാവുന്നതാണ്. ശേഷം ഈ ആളുകളെ നേരിട്ട് കണ്ടും ഗൃഹസന്ദർശനം നടത്തിയും അപേക്ഷ നൽകാൻ ആവശ്യപ്പെടുക. അപേക്ഷാ ഫോമുകൾ വിതരണം ചെയ്യുകയും പൂരിപ്പിച്ച് നൽകുകയും ചെയ്യുക. ഓൺലൈൻ അപേക്ഷ നൽകാവുന്ന തസ്തികയാണ് എങ്കിൽ ഇന്റർനെറ്റ് കണക്ഷനോടു കൂടിയ കമ്പ്യൂട്ടർ സംഘടിപ്പിച്ച് പൊതു സ്ഥലത്ത് 'ഹെൽപ്പ് ഡെസ്കി' ലൂടെ ആളുകളെ അപേക്ഷിപ്പിക്കാം. ഇതിന് വേണ്ടി പള്ളികളിൽ വെച്ച് അനൗൺസ്മെന്റുകൾ നടത്താം. ഇത്യാദി രീതികളിലൂടെ ഒരു മഹല്ലിലെ യോഗ്യരായ എല്ലാ ആളുകളും അപേക്ഷ നൽകി എന്ന് ഉറപ്പ് വരുത്താം.

6. മത്സര പരീക്ഷാ പരിശീലനം

ആളുകളെ കൊണ്ട് അപേക്ഷിപ്പിച്ചാൽ പിന്നെ അടുത്ത ഘട്ടം പരീക്ഷയ്ക്ക് വേണ്ടി തയ്യാറെടുക്കുന്നതിനുള്ള പരിശീലനമാണ്. ഓരോ തസ്തികയുടെയും അടിസ്ഥാനത്തിൽ റെഗുലർ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക. വിദഗ്ദരായ പി.എസ്.സി/യു.പി.എസ്.സി പരിശീലകരെ വെച്ച് സംഘടിപ്പിച്ചാൽ കൂടുതൽ ഫലം കാണും. അത് സാധ്യമല്ലാത്ത പക്ഷം പ്രദേശത്തെ തന്നെ ഉദ്യോഗസ്ഥർ, വിദ്യാ സമ്പന്നർ എന്നിവരെ കൊണ്ട് ക്ലാസുകൾ എടുപ്പിക്കാം. ഒഴിവു ദിവസങ്ങളിലും രാത്രി കാലങ്ങളിലും മദ്രസാ കെട്ടിടം തന്നെ ഉപയോഗപ്പെടുത്തി ചെയ്താൽ മതി.

യോഗ്യരായ എല്ലാ ആളുകളും ഇതിൽ പങ്കെടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാനായി ആവശ്യമായ പബ്ലിസിറ്റി നടപടികൾ (നോട്ടീസ്, പോസ്റ്റർ, ലഘുലേഖ, പള്ളികളിൽ അനൗൺസ്മെന്റ്, ഗൃഹസന്ദർശനം) എടുക്കാം. ഇതിന്റെ നടത്തിപ്പിലേക്ക് ആവശ്യമായി വരുന്ന ചെലവ്, പഠിതാക്കളുടെ കയ്യിൽ നിന്ന് ചെറിയ തോതിലുള്ള ഫീസ് വാങ്ങി കണ്ടെത്താവുന്നതാണ്.

7. കോംപീറ്റ് കോർണർ

മത്സരപ്പരീക്ഷയ്ക്ക് തയ്യാറെടുക്കാനുള്ള മറ്റൊരു മാർഗമാണ് 'കോംപീറ്റ് കോർണർ'. താൽപര്യമുള്ള പഠിതാക്കൾ ഒഴിവു വേളകളിൽ ഒരുമിച്ചിരുന്ന് പഠിക്കാനുള്ള (combined study) സംവിധാനമാണിത്. ആവശ്യമായ സാമഗ്രികൾ ഉപയോഗിച്ച് പരസ്പരം ചർച്ച ചെയ്തും മറ്റും ഈ സൗകര്യം ഉപയോഗപ്പെടുത്താം. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിൽ കോംപീറ്റ് കോർണർ സംഘടിപ്പിക്കാനും കോർഡിനേറ്റ് ചെയ്യാനും ഒരാളെ ചുമതലപ്പെടുത്താവുന്നതാണ്.

8. കരിയർ ലൈബ്രറി

മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കാവശ്യമായ പഠന സാമഗ്രികൾ, റഫറൻസ് ഗ്രന്ഥങ്ങൾ, പരീക്ഷാ സഹായികൾ, മാതൃകാ ചോദ്യപേപ്പറുകൾ, തൊഴിൽ വാർത്ത/ തൊഴിൽ വീഥി പോലുള്ള ആനുകാലികങ്ങൾ വിവിധ കോഴ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡയറക്ടറികൾ, ഇതര ഡയറക്ടറികളും ഗൈഡുകളും, ജനറൽ പുസ്തകങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു കൊച്ചു ലൈബ്രറിയും വായനശാലയും പള്ളിയോട് ചേർന്നോ അല്ലാതെയോ ഒരുക്കുക. വായനശാലയിൽ ദിന പത്രങ്ങൾ കൂടെ ഉണ്ടായാൽ നല്ലത്.

ലൈബ്രറി വേണ്ടപോലെ ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്താനും ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കാനും സൂക്ഷിക്കാനും ഒന്നോ രണ്ടോ പേരെ ചുമതലപ്പെടുത്തുക കൂടെ ചെയ്യണം.

9. സ്വയം തൊഴിൽ പരിശീലനം

വരുമാന ദായകമായ സ്വയം തൊഴിലുകളും കുടിൽ വ്യവസായങ്ങളും തുടങ്ങാനാവശ്യമായ പരിശീലനങ്ങൾ നൽകുക. നേരത്തെ നടത്തിയ സർവ്വേയിലൂടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, കാര്യമായ വരുമാന സ്രോതസില്ലാത്ത ആളുകളെ കണ്ടെത്തി അവർക്ക് മുൻഗണനാ ക്രമത്തിൽ വേണം പരിശീലനം നൽകാൻ. സോപ്പു നിർമ്മാണം, മെഴുകുതിരി, പപ്പടം, പലഹാരങ്ങൾ, അച്ചാർ, ചെരുപ്പ് തുടങ്ങിയ ചുരുങ്ങിയ ചെലവിൽ ലാഭകരമായി നടത്താവുന്ന സ്വയം തൊഴിലുകളിൽ പരിശീലനം നൽകുകയും സംഘടിതാടിസ്ഥാനത്തിലോ തനിച്ചോ തുടങ്ങാനാവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക. ഇത്തരം പരിപാടികളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പ് വരുത്തിയാൽ കൂടുതൽ നന്നായിരിക്കും.

10. കുടിൽ വ്യവസായ യൂണിറ്റുകൾ

അർഹരായ സ്ത്രീകൾക്കും പുരുഷൻമാർക്കും വലിയ സാമ്പത്തിക പ്രയാസമു ാക്കാത്ത വിധത്തിലുള്ള കുടിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ മഹല്ലുകൾ മുൻ കൈയ്യെടുക്കണം. തൊഴിലില്ലായ്മ കാരണമുള്ള അരക്ഷിതാവസ്ഥ പരിഹരിക്കാൻ ഇതുപകരിക്കും. മഹല്ലിനുള്ളിലെ തന്നെ സാമ്പത്തികമായി ഭേദപ്പെട്ട ആളുകളെ കണ്ട് ഇതിന് വേണ്ട ഇൻവെസ്റ്റ്മെന്റ് കണ്ടെത്താവുന്നതാണ്. കുടുംബങ്ങളുടെ എണ്ണമനുസരിച്ച് ഏരിയ തിരിച്ച് 'അയൽക്കൂട്ടങ്ങൾ' സ്ഥാപിച്ച് ഈ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോവാം. തയ്യൽ, ബുക് ബൈന്റിംഗ്, അച്ചാർ, വിനാഗിരി പോലുള്ളവയുടെ ഉല്പാദനം, ആട്, പശു വളർത്തൽ, കോഴി ഫാം, ചെരുപ്പ് നിർമ്മാണം, കരകൗശല വസ്തു നിർമാണം തുടങ്ങിയ അനവധി തരത്തിലുള്ള യൂണിറ്റുകൾ പദ്ധതിയുടെ ഗുണഭോക്താക്കളുമായി ചർച്ച ചെയ്ത് നടപ്പിലാക്കാം. തൊഴിലുപകരണങ്ങൾ ആവശ്യമായി വരികയാണെങ്കിൽ പലിശ രഹിതമായ ലോൺ നൽകാൻ മഹല്ല് ശ്രമിച്ചാൽ കൂടുതൽ നല്ലത്. 10 മണിക്ക് ശേഷം ഒഴിഞ്ഞ് കിടക്കുന്ന മദ്രസാ കെട്ടിടം ഉപയോഗിച്ച് കേരളത്തിലെ പല മഹല്ലുകളിലും ഈ പ്രവർത്തനങ്ങൾ നടത്തുകയും വിജയകരമായി മുന്നോട്ട് കൊണ്ടു പോവുകയും ചെയ്യുന്നുണ്ട്.

11. മഹല്ല് എംപ്ലോയ്മെന്റ് ബൂത്ത്

വിവിധ തൊഴിലവസരങ്ങൾ മഹല്ലിലെ യോഗ്യരായ ആളുകളിലേക്കെത്തിക്കാനുള്ള സംവിധാനമാണിത്. പ്രത്യേകിച്ചും ഗൾഫ് രാജ്യങ്ങളിലേക്ക് skilled labours നെ ആവശ്യമായി വരുന്ന സാഹചര്യത്തിൽ മഹല്ലിലെ പ്രവാസികൾ വഴി വിവരം മഹല്ലിനെ അറിയിക്കാനായാൽ പ്രസ്തുത തൊഴിലവസരങ്ങൾ മഹല്ല് നിവാസികൾക്ക് തന്നെ ഉപയോഗപ്പെടുത്താനാവും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മാതൃകയിലുള്ള രജിസ്ട്രേഷൻ സംവിധാനം മഹല്ലിൽ രൂപപ്പെടുത്തിയാൽ കൂടുതൽ ഗുണം ചെയ്യും.

12. കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്

ഇംഗ്ലീഷ് ഇന്ന് ആഗോള ഭാഷയാണ്. അതിലുള്ള പ്രാവീണ്യം ആണ് ഉയർന്ന തൊഴിലുകൾ നേടാനുള്ള നിർണായക മാനദണ്ഡം. ഒഴുക്കോടെ ഇംഗ്ലീഷ് സംസാരിക്കാനാവാത്തതിനാൽ നല്ല കഴിവുള്ള പ്രൊഫഷണലുകൾക്ക് വരെ അവസരം നിഷേധിക്കപ്പെടാറുണ്ട്. ഗൾഫ് രാജ്യങ്ങളിലായാലും നാട്ടിലായാലും ഇംഗ്ലീഷ് ഏറെ പ്രാധാന്യമർഹിക്കുന്നതിനാൽ നമ്മുടെ നാട്ടിലെ ചെറുപ്പക്കാർക്കും തൊഴിലന്വേഷകർക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാനുള്ള അവസരം ഉണ്ടാക്കേണ്ടത് സാമൂഹ്യ ബാധ്യതയാണ്. മഹല്ലിലെ തന്നെ, ഭാഷയിൽ കഴിവുള്ള ആളുകളെ വെച്ച് തന്നെ ഈ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകാവുന്നതാണ്. കുട്ടികൾക്കും മുതിർന്നവർക്കും വ്യത്യസ്ത ബാച്ചുകൾ തുടങ്ങാം. പഠിതാക്കളുടെ കയ്യിൽ നിന്ന് ന്യായമായ ഫീസും ഈടാക്കാവുന്നതാണ്. മദ്രസാ കെട്ടിടം തന്നെ ക്ലാസുകൾക്ക് വേണ്ടി ഉപയോഗപ്പെടുത്താമെന്നതും മറ്റൊരു ഗുണമാണ്.

ആരോഗ്യം

ആരോഗ്യ രംഗത്ത് ഇന്ത്യയിലെ മികവുറ്റ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യാവുന്ന വിധം ഹ്യൂമൻ ഡെവലപ്പ്മെന്റ് ഇൻഡക്സിൽ കേരളം പുരോഗതി നേടിയിട്ടുണ്ട് എന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. ആയുർദൈർഘ്യത്തിലും കുറഞ്ഞ ശിശു മരണ നിരക്കിലും കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. 2001 ലെ ജനസംഖ്യ സെൻസസ് പ്രകാരം കേരളീയന്റെ ശരാശരി ആയുർദൈർഘ്യം 71 വയസ്സാണ്. ഏറ്റവും കുറഞ്ഞ ശിശു മരണ നിരക്കും കേരളത്തിലാണ് (14%)

ഏതു സമൂഹത്തിന്റെയും ആരോഗ്യ നിലവാരത്തെ മൊത്തത്തിൽ സൂചിപ്പിക്കുന്നത് മരണം, രോഗം, ആതുര ശുശ്രുതയുടെ ലഭ്യത എന്നിവയാണ്. 2004 ലെ കണക്ക് പ്രകാരം കേരളത്തിലെ രോഗാതുരത ആയിരം പേരിൽ 79.2 മാത്രമാണ്. ആരോഗ്യ രംഗത്ത് ഇത്തരം ആശാവഹമായ സൂചകങ്ങൾ കാണാനാവുന്നുണ്ടെങ്കിലും ഒരിക്കൽ ശക്തമായി പ്രതിരോധിക്കുകയും വിപാടനം ചെയ്യുകയും ചെയ്ത മലേറിയ പോലുള്ള രോഗങ്ങൾ പലയിടത്തായി തിരിച്ച് വരുന്നത് ഗൗരവമായി കാണേണ്ടതുണ്ട്. നമുക്ക് അപരിചിതമായിരുന്ന ഡെങ്കിപ്പനി, ചികുൻഗുനിയ, എച്ച് 1 എൻ 1 തുടങ്ങിയ സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കുന്നതും ഏറെ ആശങ്കാജനകമാണ്.

ഡയബെറ്റിസ്, ഹൃദയാഘാതം, ക്യാൻസർ തുടങ്ങിയ ലൈഫ് സ്റ്റൈൽ ഡിസീസുകളുടെ എണ്ണം കേരളത്തിൽ ക്രമാനുഗതമായി വർദ്ധിച്ച് കൊണ്ടിരിക്കുന്നതാണ് ആരോഗ്യ രംഗത്തെ മറ്റൊരു പ്രധാന വെല്ലുവിളി. ക്രമീകൃതമല്ലാത്ത ഭക്ഷണ രീതിയും വ്യായാമക്കുറവും കൊ ാണ് ഇത്തരം രോഗങ്ങൾ വർദ്ധിക്കുന്നത്.

വ്യക്തി ശുചിത്വം, പൊതു ശുചിത്വം, ആരോഗ്യകരമായ ഭക്ഷണ ക്രമം, വ്യായാമം, ആരോഗ്യത്തെ സംബന്ധിച്ച ശരിയായ ബോധ്യം എന്നിവയാണ് ആരോഗ്യം നിലനിർത്താൻ അനിവാര്യമായും ഉണ്ടായിരിക്കേണ്ട ഘടകങ്ങൾ, 'നല്ല ശരീരത്തിലേ നല്ല മനസ്സുണ്ടാവൂ' എന്നാണ് ചൊല്ല്. ശരിയായ ആരോഗ്യം എന്ന ബോധ്യമില്ലാത്തത് പലപ്പോഴും അപകടങ്ങൾ വിളിച്ച് വരുത്തുന്നു. പൊതു ജനാരോഗ്യം സംരക്ഷിക്കാൻ നിരന്തര ബോധവൽക്കരണ പരിപാടികളും മറ്റു ഇടപെടലുകളും ഏറെ സഹായകമാവും. സാമൂഹ്യ നേതൃത്വം ഇത് തങ്ങളുടെ ഉത്തരവാദിത്വമായി ഏറ്റെടുക്കുമ്പോഴാണ് സമഗ്രമായ പുരോഗതിയിലേക്ക് നമുക്ക് കാൽവെക്കാനാവുക. ഈയർത്ഥത്തിൽ മഹല്ലുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കാവുന്ന ഏതാനും ചില പ്രവർത്തനങ്ങൾ ഇവിടെ വിശദീകരിക്കാം.

1. ആരോഗ്യബോധവൽക്കരണം:

അനാരോഗ്യകരമായ ജീവിതസാഹചര്യങ്ങളും ഭക്ഷണ ക്രമവുമെല്ലാം മനുഷ്യാരോഗ്യത്തെ ഗുരുതരമായി ബന്ധിപ്പിക്കുന്നുണ്ടെന്ന് മുകളിലെ വിശദീകരണത്തിൽ നിന്ന് മനസ്സിലാക്കിയല്ലോ? എന്താണ് ശരിയായ ആരോഗ്യം, ആരോഗ്യം സംരക്ഷിക്കുന്നതിനായി എങ്ങനെ ജീവിതത്തെ ചിട്ടപ്പെടുത്തണം, രോഗങ്ങളെ എങ്ങനെ തടയാം, പ്രതിരോധ രീതികൾ എന്തെല്ലാമാണ് എന്ന കൃത്യമായ ബോധ്യം പൊതുജനങ്ങൾക്കുണ്ടാവേണ്ടതാണ്.

ആരോഗ്യവുമായി ബന്ധപ്പെട്ട നമ്മുടെ മുൻവിധികളും അറിവില്ലായ്മയും നീങ്ങണം. ശരിയായ ആരോഗ്യം നേടുന്നതിനായി ഭക്ഷണശീലവും ജീവിതരീതിയുമെല്ലാം ശാസ്ത്രീയമായി ചിട്ടപ്പെടുത്തണം. വിവിധ പ്രായക്കാരിൽ പോഷകാഹാര ക്രമങ്ങൾ എങ്ങനെയായിരിക്കണമെന്ന് പൊതു ജനങ്ങളെ ബോധ്യപ്പെടുത്താനും ആരോഗ്യ ബോധവൽക്കരണ പരിപാടികൾ ഉപകരിക്കും. ഇത്തരത്തിൽ ആരോഗ്യവുമായി ബന്ധപ്പെട്ട സമഗ്ര വിശദീകരണമുൾക്കൊള്ളുന്ന ക്ലാസുകൾ മഹല്ലുകളിലുടനീളം അത്യാവശ്യമായി വന്നിരിക്കുകയാണ്. മുസ്ലിങ്ങൾക്കിടയിൽ കാണപ്പെടുന്ന ഭൂരിപക്ഷം രോഗങ്ങളും തെറ്റായ ജീവിതക്രമം കൊണ്ടുണ്ടാവുന്നതാണെന്ന (life style disease) പഠന റിപ്പോർട്ടുകൾ നാം ഗൗരവത്തോടെ കാണേണ്ടതുണ്ട്.

2. പൊതു ശുചിത്വ ബോധവൽക്കരണം

ശുചിത്വത്തെ അത്യധികം പ്രോത്സാഹിപ്പിച്ച മതമാണ് ഇസ്‌ലാം. അത് ഈമാനിന്റെ പാതിയാണെന്ന് പ്രവാചകാധ്യാപനം. വ്യക്തി ശുചിത്വം നിലനിർത്താൻ നിരവധി നിർദ്ദേശങ്ങളും നിബന്ധനകളും മുന്നോട്ട് വെച്ചിട്ടുള്ളത് പോലെ തന്നെ സാമൂഹിക ശുചിത്വത്തെയും ഇസ്‌ലാം കണിശമായി കണ്ടിട്ടുണ്ട്. പക്ഷെ ഇക്കാര്യത്തിൽ നാം വലിയ ഉദാസീനതയാണ് കാണിക്കുന്നത്. വൃത്തിയില്ലാത്ത പരിസരം നിരവധി രോഗങ്ങളെ സമ്മാനിക്കും. രോഗ കാരണമാവുന്ന ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമായും തുടച്ചു മാറ്റാൻ മുന്നിട്ടിറങ്ങേണ്ട ബാധ്യത മുസ്‌ലിം സമൂഹത്തിനുണ്ട്. ഇസ്‌ലാം നിഷ്കർഷിക്കുന്ന വിധം വൃത്തിയുള്ള ജീവിത സാഹചര്യം നിലനിർത്താൻ ഓരോ മഹല്ല് അംഗത്തെയും ബോധ്യപ്പെടുത്തണം.

വീടുകളിൽ നിന്നുള്ള അഴുക്കു വെള്ളം, ഓവു ചാൽ, ചാണക കുഴികൾ, വെള്ളം കെട്ടി നിൽക്കുന്ന കുഴികൾ, ഇറച്ചി കടകൾ, ബയോവേസ്റ്റുകൾ തുടങ്ങിയവ രോഗ ഹേതുവായ ജീവികളുടെ വളർച്ചയ്ക്ക് കാരണമാവുമെന്നതിനാൽ അവ എങ്ങനെ ആരോഗ്യകരമായി സംവിധാനിക്കണമെന്ന അറിവ് പൊതു ജനങ്ങൾക്ക് ഈ ക്ലാസുകളിലൂടെ നൽകാനാവും. മഹല്ല് പരിധിയിൽ പൊതു സ്ഥലങ്ങളിൽ ചപ്പു ചവറുകൾ നിക്ഷേപിക്കുന്നില്ല എന്ന് ഉറപ്പ് വരുത്താൻ നാട്ടുകാർക്ക് കഴിയണം.

എല്ലാറ്റിലുമുപരി പൊതു സ്ഥലങ്ങളും പൊതു മുതലുകളും വൃത്തികേടാക്കാതെ സൂക്ഷിക്കുന്നത് സുന്നത്തിന്റെ ഭാഗമാണെന്നും അത് ഒരു സ്വഭാവമായി മാറേണ്ടത് ആരോഗ്യകരമായ സമൂഹത്തിന്റെ ലക്ഷണമാണ് എന്നുള്ള സന്ദേശം ജന മനസ്സുകളിലെത്തണം.

3. പകർച്ചവ്യാധികൾക്കെതിരായ ബോധവൽക്കരണം

അടുത്തിടെയായി മുമ്പെങ്ങുമില്ലാത്ത വിധം മാരകമായ രോഗങ്ങൾ നമ്മുടെ നാട്ടിൽ പടർന്ന് പിടിച്ചത് ഗൗരവത്തോടെ കാണേണ്ടതുണ്ട്. മഴക്കാലമാവുന്നതോടെ ഇത്തരം രോഗങ്ങൾ ഉത്ഭവിക്കാനും പടർന്ന് പിടിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഇത്തരം രോഗങ്ങൾക്കെതിരെ ശക്തമായ മുൻകരുതലുകൾ എടുത്തില്ലെങ്കിൽ ഗുരുതരമായ ആരോഗ്യ പ്രതിസന്ധികൾ ഉണ്ടാകും. കൃത്യമായ ബോധവൽക്കരണമാണ് ഇതിലെ ഏറ്റവും പ്രധാന ഘടകം. രോഗങ്ങൾക്കെതിരെ എടുക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണ്. രോഗലക്ഷണങ്ങൾ എന്തെല്ലാമാണ്, ലക്ഷണങ്ങൾ ക ൽ പ്രഥമമായി ചെയ്യേണ്ടത് എന്താണ് തുടങ്ങി നിരവധി കാര്യങ്ങൾ പൊതു ജനങ്ങളെ അറിയിക്കാനും ബോധവൽക്കരിക്കാനും ഈ പരിപാടി ഗുണം ചെയ്യും.

ഇത്തരം രോഗങ്ങൾക്കെതിരെ ബോധവൽക്കരണം നടത്താനുള്ള ഒരുപാട് പദ്ധതികൾ പി.എച്ച്.സി.കൾ കേന്ദ്രീകരിച്ചും മറ്റും ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്താൽ ഈ പദ്ധതികൾ ഉപയോഗപ്പെടുത്തി സൗജന്യമായി തന്നെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

4. ശൈശവാരോഗ്യം

വിവിധ വളർച്ചാ ഘട്ടങ്ങളിലെ ആരോഗ്യം മനുഷ്യന്റെ ജീവിതക്കാലം മുഴുക്കെ അതിന്റെ സ്വാധീനം ചെലുത്തുമെന്നാണ് വിവിധ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ശാരീരികവും മാനസികവുമായ ഒരാളുടെ പക്വതയും വളർച്ചയും നിർണയിക്കപ്പെടുന്നത് കുഞ്ഞു നാളിലാണ്. ശൈശവാരോഗ്യവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ ഉമ്മമാർ അറിഞ്ഞിരിക്കേണ്ടതുണ്ട്. പോഷകാഹാരം, ബാലരോഗങ്ങൾ, ശാരീരിക വളർച്ച, മാനസിക ചോദനകൾ തുടങ്ങി വിവിധ കാര്യങ്ങൾ ഓരോ വളർച്ചാ ഘട്ടത്തിലും ഉമ്മമാർ മനസ്സിലാക്കിയിരിക്കണം. കുഞ്ഞ് സംസാരിച്ച് തുടങ്ങേണ്ട സമയമേതാണ്, നടക്കാൻ തുടങ്ങേണ്ട സമയം, തുടങ്ങി അവയവങ്ങളുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളിലെ അറിവില്ലായ്മ പലപ്പോഴും കുഞ്ഞുങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കാറുണ്ട്. അവയവങ്ങളുടെ കാര്യക്ഷമതയിൽ എന്തെങ്കിലും ബലഹീനത നേരത്തെ കണ്ടെത്തപ്പെടുകയും ചികിത്സയെടുക്കുകയുമാണെങ്കിൽ അവ പൂർണ്ണമായും പരിഹരിക്കാനാവും. വൈകും തോറും അതിനുള്ള സാധ്യത കുറഞ്ഞ് വരികയാണ്. പക്ഷേ ഇതേ കുറിച്ചുള്ള

ശാസ്ത്രീയമായ ധാരണക്കുറവ് പലപ്പോഴും ചികിത്സ വൈകിപ്പിക്കാൻ കാരണമാവുന്നതായി നിരീക്ഷിക്കപ്പെടുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ ആർക്കും ക്ലാസുകൾ ആവശ്യമില്ലാതെ വരില്ല. പ്രദേശത്തെ ആരോഗ്യ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കാം.

പൊതു ജനോപകാരപ്രദമായ ഇത്തരം പരിപാടികളിൽ അമുസ്ലിം സഹോദരങ്ങളെ കൂടി പങ്കെടുപ്പിക്കുന്നത് ആരോഗ്യകരമായ സാമൂഹ്യാന്തരീക്ഷവും സഹവർതിത്വവും സ്ഥാപിക്കാൻ കൂടെ ഉപകാരപ്പെടും.

5. പഠന വൈകല്യങ്ങൾ

കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്ക് എന്നും തീർത്താൽ തീരാത്ത ആശങ്കയും പരാതിയുമാണ്. ''എത്ര പഠിപ്പിച്ചിട്ടും ഇവൻ/ ഇവൾക്ക് ഒന്നും തലേ കേറുന്നില്ല'', ''പഠിക്കാൻ ഒരു താല്പര്യവുമില്ല'' ക്ലാസിൽ ശ്രദ്ധിക്കുന്നുമില്ല ഇങ്ങനെ നിരവധി പ്രശ്നങ്ങളും പരാതികളും നാം നിരന്തരം കേൾക്കുന്നുണ്ട്. എങ്ങനെയാണ് കുട്ടികൾക്ക് പഠനത്തോട് താല്പര്യമുണ്ടാക്കേണ്ടത്? എന്ത് കൊണ്ടാണ് കുട്ടികൾക്ക് പാഠഭാഗങ്ങൾ മനസ്സിലാവാത്തത്? ബുദ്ധിയില്ലാത്തത് കൊണ്ടാണോ പരീക്ഷയ്ക്ക് മാർക്ക് കുറഞ്ഞ് പോവുന്നത്? പഠന വൈകല്യങ്ങൾ എന്നാൽ എന്താണ്? അവ എങ്ങനെ പരിഹരിക്കാനാവും തുടങ്ങി പഠനവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ രക്ഷിതാക്കൾ മനസ്സിലാക്കേണ്ടതുണ്ട്. കുട്ടികളുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കും സഹായകമാവുന്ന വിധം കുടുംബ സാഹചര്യം മാറ്റിയെടുക്കേണ്ടതും, അവരുടെ മാനസികവും വൈകാരികവുമായ വളർച്ചയെ ത്വരിതപ്പെടുത്തേ തും ആവശ്യമായ മാനസിക ചോദനകൾ സംതൃപ്തിപ്പെടുത്തേണ്ടതും രക്ഷിതാക്കളുടെ ബാധ്യതയാണ്. എങ്കിൽ മാത്രമേ കുട്ടികളിൽ സ്വാഭിമാനവും ആത്മ വിശ്വാസവും ശുഭ മനോഭാവവും ഉണ്ടാവൂ.

ഭൂമിയിൽ ജനിച്ച് വീഴുന്ന ഓരോ കുഞ്ഞും വ്യത്യസ്തനാണ്. അത് കൊണ്ട് തന്നെ ഓരോരുത്തരുടെയും ഗ്രാഹ്യ ശേഷിയും ബുദ്ധിയും വ്യത്യസ്തവും അതുല്യവുമായിരിക്കും. എന്നാൽ പോലും ചില കുട്ടികൾ പഠനത്തിൽ പിന്നാക്കം പോയേക്കാം, അത് കുട്ടിക്ക് ബുദ്ധി കുറവായതു കൊണ്ടാണ് എന്ന് വിലയിരുത്തുന്നതിന് മുമ്പ് കുട്ടിയുടെ പ്രശ്നം യഥാർത്ഥത്തിൽ എന്താണ് എന്ന് ശാസ്ത്രീയമായി മനസ്സിലാക്കാൻ നമുക്കാവണം. നേരത്തെ ക ത്തപ്പെട്ടാൽ പരിഹാരം അത്രയും എളുപ്പമായിരിക്കും. പല തരത്തിലുള്ള പഠന പ്രശ്നങ്ങളും വൈകല്യങ്ങളും ഇന്ന് കണ്ടെത്തപ്പെടുകയും അവയ്ക്കുള്ള പരിഹാരങ്ങൾ നൽകാനുള്ള സംവിധാനങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷെ ലക്ഷണങ്ങൾ നേരത്തെ മനസ്സിലാക്കാൻ നമ്മുടെ രക്ഷിതാക്കൾക്കാവുന്നില്ല.

ഇത്തരത്തിൽ കുട്ടികളിൽ പഠന പ്രശ്നങ്ങൾ കണ്ടെത്തപ്പെടുകയാണെങ്കിൽ എന്താണ് ഉടൻ ചെയ്യേണ്ടത്, അത്തരം പ്രശ്നങ്ങൾ മറി കടക്കാൻ എങ്ങനെയാണ് കുട്ടികളെ സഹായിക്കേണ്ടത് തുടങ്ങിയ വിശദമായ ക്ലാസാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. പഠന വൈകല്യങ്ങളുമായി ബന്ധപ്പെട്ട് നല്ല അറിവും പരിചയവുമുള്ള മന:ശാസ്ത്ര വിദ്യാഭ്യാസ വിദഗ്ദരെ കൊണ്ടാണ് ഇത്തരം ക്ലാസുകൾ എടുപ്പിക്കേണ്ടത്.

6. <u>പ്രഥമശുശ്രൂഷാ പരിശീലനം</u>

യാദൃശ്ചികമായി ഒരപകടം സംഭവിച്ചാൽ ജീവൻ സംരക്ഷിക്കാൻ എന്താണ് ചെയ്യേണ്ടത് തീ പൊള്ളലേല്ക്കുകയോ വെള്ളത്തിൽ വീഴുകയോ, പാമ്പ് കടിയേൽക്കുകയോ ചെയ്താൽ ഉടൻ ചെയ്യേണ്ട പ്രഥമ ശുശ്രൂഷാ നടപടികൾ എന്തെല്ലാം , ബോധം നഷ്ടമാവുകയോ കാർഡിയാക് അറസ്റ്റ് പോലുള്ളവ സംഭവിക്കുകയോ ചെയ്താൽ കൈക്കൊള്ളേ അടിയന്തിര ശുശ്രൂഷാ നടപടികൾ എന്തെല്ലാം തുടങ്ങിയ കാര്യങ്ങൾ ഓരോ വ്യക്തിയും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. ആശുപത്രിയിലെത്തും മുമ്പ് ജീവൻ രക്ഷിക്കാൻ ഇത്തരം നടപടികൾ വളരെയേറെ സഹായിക്കും. നല്ല ആരോഗ്യ വിദഗ്ദരെ കൊണ്ട് ഈ ക്ലാസ് എടുപ്പിക്കാം.

7. <u>സൗജന്യ മെഡിക്കൽ ക്യാമ്പുകൾ</u>

സൗജന്യ മെഡിക്കൽ ക്യാമ്പുകൾ ഇന്നെല്ലാവർക്കും സുപരിചിതമാണ്. വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് ഒരുപാട് പേർക്ക് ഗുണം ചെയ്യും. സീസണൽ രോഗങ്ങൾ പടരുന്ന സമയത്ത് സർക്കാർ ആശുപത്രികൾക്ക് മുമ്പിലെ ക്യൂ ഞെട്ടിക്കുന്നതാണല്ലോ. ഈ സമയത്ത് ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കാനായാൽ പൊതു ജനങ്ങൾക്ക് ഏറെ ആശ്വാസമാവും

8. <u>രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പ്/ ഡയറക്ടറി</u>

രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പും വിശദീകരിക്കേണ്ടതില്ലല്ലോ. ഇത്തരത്തിലൊരു ക്യാമ്പ് സംഘടിപ്പിച്ച് വ്യത്യസ്ത ഗ്രൂപ്പുകളിൽ പെട്ട രക്തമുള്ള ആളുകളുടെ പേരും വിലാസവും ഫോൺ നമ്പറുകളുമുള്ള ഒരു ഡയറക്ടറി ഉണ്ടാക്കുക. അടിയന്തിര സാഹചര്യങ്ങളിൽ ആർക്കും ഇത് ഉപകാരപ്പെടും.

9. ചികിത്സാ സഹായം

പാവപ്പെട്ട രോഗികൾക്ക് മരുന്നും ചികിത്സയും ലഭ്യമാക്കാനുള്ള സൗകര്യം മഹല്ലുകളിൽ ഉണ്ടാവണം. ഉയർന്ന സാമ്പത്തിക ചെലവുള്ള, ചികിത്സയാണെങ്കിൽ സമ്പന്നരായ ആളുകളെ കണ്ടും സ്പോണർ ചെയ്യിപ്പിച്ചും അർഹതപ്പെട്ടവർക്ക് സഹായമെത്തിക്കാം. ഡോക്ടർമാർ, ആശുപത്രികൾ, മെഡിക്കൽ ഷോപ്പുകൾ തുടങ്ങിയവരെ കൊണ്ട് ചികിത്സ സ്പോൺസർ ചെയ്യിപ്പിക്കുകയോ ദത്തെടുപ്പിക്കുകയോ ചെയ്യാം. ഇത്തരം സഹായങ്ങൾ എല്ലാ ജാതി മതവിഭാഗങ്ങളിലും പെട്ടവർക്കും ലഭ്യമാകണം. ഏത് മതക്കാരനായാലും കഷ്ടപ്പെടുന്നവരെ സഹായിക്കുക പ്രവാചകന്റെ മാതൃകയാണ്.

ചികിത്സാ സഹായമെത്തിക്കുമ്പോൾ അത് വളരെ സ്വകാര്യമായിട്ടു വേണം രോഗികൾക്ക് കൈമാറാൻ. പൊതു സദസ്സുകളിൽ വെച്ചും പള്ളിയിൽ വെച്ച് പരസ്യപ്പെടുത്തിയും ചെയ്യുന്നത് അഭിലഷണീയമല്ല. വലതു കൈ ചെയ്യുന്ന ദാനം ഇടതു കൈ അറിയരുത് എന്നതല്ലേ സുന്നത്ത്.

ഉപയോഗം കഴിഞ്ഞ ഒരുപാട് മരുന്നുകൾ നമ്മുടെ വീടുകളിൽ ബാക്കി വരുന്നത് പതിവാണല്ലോ. ഇത്തരം മരുന്നുകൾ നശിപ്പിക്കാതെ മറ്റുള്ളവർക്ക് കൈമാറുന്നത് വലിയ പുണ്യമാണ്. പള്ളിയിൽ ഇതിനായി ഒരു പെട്ടി സ്ഥാപിക്കുകയും വെള്ളിയാഴ്ചകളിൽ ജുമുഅക്ക് വരുമ്പോൾ ബാക്കി വരുന്ന മരുന്നുകൾ ഇതിൽ നിക്ഷേപിക്കുകയും ചെയ്താൽ ഭീമമായ സംഖ്യയുടെ മരുന്ന് രോഗികൾക്ക് എത്തിക്കാനാവും. തൊട്ടടുത്തുള്ള ഒരു ഫാർമസിസ്റ്റിന്റെ സഹായം ഇത് വിതരണം ചെയ്യാൻ ഉപയോഗിക്കാം.

സാമ്പത്തിക സ്ഥിതി

സാമ്പത്തിക അച്ചടക്കം ഇസ്ലാമിക വിശ്വാസത്തിന്റെ അടിസ്ഥാനമാണ്. സമ്പത്തിനെ മനുഷ്യർക്ക് ക്രയ വിക്രയം നടത്താനുള്ള ഒരു ഉപാധിയായാണ് ഇസ്ലാം കാണുന്നത്. ആർക്കും സമ്പത്തിന് മേൽ പരമമായ അധികാരമില്ല. സമ്പത്തിന്റെ അടിസ്ഥാനമായി ഇസ്ലാം കാണുന്നത് തൊഴിലിനെയാണ്. എല്ലാ പ്രവാചകരും തൊഴിലെടുത്ത് ജീവിച്ചവരായിരുന്നു എന്ന് ഖുർആനിൽ കാണാം. സമ്പത്തിന്റെ അസന്തുലിതമായ കേന്ദ്രീകരണത്തിന് തടയിടാനുള്ള സംവിധാനങ്ങൾ ഇസ്ലാം മുന്നോട്ട് വെക്കുന്നുണ്ട്. ധൂർത്തും പിശുക്കും ഒരു പോലെ നിഷിദ്ധമാണ്. വരുമാനത്തിനകത്ത് നിന്ന് ജീവിക്കാനാണ് ഇസ്ലാം വിശ്വാസികളെ ശീലിപ്പിക്കുന്നത്.

വിശ്വാസത്തിന്റെ അടിത്തറയിൽ നിന്ന് കൊണ്ടാവണം സാമ്പത്തിക ജീവിതം ക്രമപ്പെടുത്തേണ്ടത്. പൊതു ജനങ്ങളെ ഈയർത്ഥത്തിൽ ബോധവൽക്കരിക്കേണ്ടതും ശരിയായ സാമ്പത്തിക ശീലങ്ങൾ പഠിപ്പിക്കേണ്ട ചുമതലയും സാമൂഹ്യ നേതൃത്വത്തിനാണ്. സമൂഹത്തിൽ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടത് നേതൃത്വത്തിന്റെ ബാധ്യതയാണ്. അല്ലാത്ത പക്ഷം മനുഷ്യൻ ആശ്രിതനാകും. ആശ്രിതത്വം ഒരു തരത്തിൽ കീഴൊതുങ്ങലാണ്. ഇസ്ലാം അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല.

സമകാലിക സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷിതത്വവും അച്ചടക്കവും നിലനിർത്താനായി നാം മുൻകൈയ്യെടുക്കേണ്ട ചില മാതൃകാ പ്രവർത്തനങ്ങളാണ് ഈ അദ്ധ്യായത്തിൽ വിശദീകരിക്കുന്നത്.

1. യാചന വിമുക്ത മഹല്ല്

യാചനയെ ഇസ്ലാം ശക്തമായി നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. പ്രവാചകന്റെ മുമ്പിൽ കൈനീട്ടി വന്ന ഒരാൾക്ക്, ചുറ്റും കൂടി നിന്ന ആളുകളിൽ നിന്ന് പണം ശേഖരിച്ച് ഒരു മഴു വാങ്ങിച്ച് കൊടുത്ത് തൊഴിലെടുത്ത് ജീവിക്കാൻ ആവശ്യപ്പെടുകയായിരുന്നു അവിടുന്ന്. സ്വയം പര്യാപ്തമായ ഒരു സമൂഹത്തെയാണ് ഇസ്ലാം സ്വപ്നം കാണുന്നത്. ഈ ദൗത്യം ഏറ്റെടുക്കാനുള്ള ബാധ്യത മഹല്ലുകൾക്കുണ്ട്.

നിർഭാഗ്യകരമെന്ന് പറയാം, മുസ്ലിം സമൂഹത്തിനിടയ്ക്ക് യാചനയ്ക്ക് ഒരു കുറവുമില്ല. ദൈനം ദിന ജീവിതാവശ്യങ്ങൾ തൊട്ട് വിവാഹം, ചികിത്സാ ചെലവുകൾക്കായി യാചിക്കേണ്ടി വരുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. വിശുദ്ധ റമളാനാവുമ്പോൾ ഇത് ക്രമാതീതമായി വർദ്ധിക്കുന്നു. ഇരുപതാം രാവിൽ വീടുകൾ കയറിയിറങ്ങി യാചിക്കുന്നത് എത്രത്തോളം മോശവും സുന്നത്തിന് എതിരുമാണെന്നോർത്തു നോക്കൂ.

നിവൃത്തി കേട് കൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ കൈ നീട്ടേണ്ട ഗതികേട് മഹല്ലിൽ ആർക്കുമില്ലെന്ന് ഉറപ്പ് വരുത്തേണ്ട ബാധ്യത മഹല്ല് ഭാരവാഹികൾക്കുണ്ട്. മാന്യമായ രീതിയിൽ ജീവിക്കാനാവശ്യമായ സമ്പത്ത് എല്ലാവർക്കും ലഭ്യമാവാൻ വേണ്ടിയാണ് ഇസ്‌ലാം സകാത്തും സദഖയും നിർദ്ദേശിച്ചത്. സമ്പത്ത് അധികമായി കുന്ന് കൂടുന്നതാണ് പ്രശ്നങ്ങൾക്ക് കാരണം. അർഹതപ്പെട്ട ആളുകൾക്ക് സകാത്ത് എത്തിക്കാൻ മഹല്ലുകൾക്ക് കഴിയണം.

സാമ്പത്തികമായി വളരെ പ്രയാസമനുഭവപ്പെടുകയും യാചനയ്ക്കിറങ്ങേണ്ട ഗതിക്കേട് ഉള്ളവരുമായ ആളുകളെ നേരത്തെ കണ്ടെത്തി, അവർക്ക് നിശ്ചിത അളവിൽ സാമ്പത്തിക സഹായം ചെയ്തു കൊടുക്കാനും എന്തെങ്കിലും വരുമാനം ലഭിക്കുന്ന പദ്ധതികൾ അവർക്ക് നടപ്പിലാക്കി അവരെ പുനരധിവസിക്കാനുമുള്ള പദ്ധതി മഹല്ലുകൾ കാണണം. സമ്പന്നരായ ആളുകളുടെ ഇടയിൽ കൂട്ടായ ധനശേഖരം നടത്തി ഇതിന് ഫണ്ട് കണ്ടെത്തണം. തൊട്ടടുത്ത റമളാൻ തൊട്ട് ആ മഹല്ലിൽ യാചനാ വിമുക്ത മഹല്ലായി പ്രഖ്യാപിക്കണം. പതിവായി യാചിക്കാനിറങ്ങുന്ന ആളുകളെ വ്യക്തി പരമായി കണ്ട് തന്ത്രപരമായി ഉപദേശിപ്പിച്ച് അവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കണം. ഇത് നബി തിരുമേനി ശക്തമായി നിഷ്കർഷിച്ച ഒരു സാമൂഹ്യ ബാധ്യതയാണെന്ന കാര്യം നമ്മുടെ മനസ്സിലുണ്ടാവണം.

2. കുടുംബ ബഡ്ജറ്റിംഗ്

പണം ന്യായമായ രീതിയിൽ ചെലവഴിക്കുന്നതിലും വരുമാനത്തിനുള്ളിൽ ജീവിക്കുന്നതിനും മുസ്‌ലിം സമൂഹം പരാജയമാണെന്നുമുള്ള പരാതി പൊതുവെ ഉണ്ട്. ഗൽഫിൽ നിന്ന് പണം മാസാമാസം വരികയും ആവശ്യവും അനാവശ്യവുമായ വഴിക്ക് നാം പണം ചെലവഴിക്കുന്നുമുണ്ട്. മാധ്യമങ്ങൾ സൃഷ്ടിച്ച ഉപഭോഗ ത്വര നമ്മളെ ഏറ്റവും നന്നായി ഗ്രസിച്ചിരുന്നു എന്നർത്ഥം. ധൂർത്തും ഇസ്‌ലാം വിരോധിച്ചതാണല്ലോ. സമ്പാദ്യ ശീലം വളർത്തുകയും മിതമായ ചെലവിൽ പണം ചെലവഴിക്കാനായും സമുദായാംഗങ്ങൾ ശീലിപ്പിക്കപ്പെടണം. ഗൾഫ് ജോലിക്കാർ കൂടുതലുള്ള നാടുകളിൽ സ്ത്രീകളാണ് കുടുംബ കാര്യങ്ങൾ നയിക്കുന്നത്. കുടുംബ ബഡ്ജറ്റിംഗുമായി ബന്ധപ്പെട്ട് ഇവർക്ക് ബോധവൽക്കരണം നൽകിയാൽ, പണം എങ്ങനെ ചെലവഴിക്കണം, എന്തിനാണ് മുൻഗണന നൽകേണ്ടത് തുടങ്ങിയവയെ കുറിച്ച് കൃത്യമായ ധാരണയുണ്ടാവുകയും അത് കുടുംബത്തിലെ സാമ്പത്തിക പ്രതിസന്ധികൾ ഒഴിവാക്കാനും സഹായിക്കും.

3. സേവിംഗ് സ്കീം

മാസാന്ത ചെലവ് കഴിച്ച് മിച്ചം വരുന്ന തുക സുരക്ഷിതമായി നിക്ഷേപിക്കാനുള്ള ഒരു ജനകീയ സംവിധാനമുണ്ടാകുന്നത് നല്ലതാണ്. ഹലാലായ രീതിയിൽ നടത്തപ്പെടാവുന്ന കുറികളും ബാങ്കിംഗ് സിസ്റ്റവും മഹല്ല് കേന്ദ്രീകരിച്ച് തുടങ്ങാം.

4. പലിശരഹിത ലോൺ

ചികിത്സ, പഠനം, വീട് നിർമാണം തുടങ്ങിയ ആവശ്യങ്ങൾക്കായി പലിശരഹിതമായ രീതിയിൽ ലോൺ സംവിധാനം തുടങ്ങാനായാൽ ഒരുപാട് പേർക്ക് ഇത് ആശ്വാസമാകും. സേവിംഗ് സ്കീമുകൾ ഭംഗിയായി നടത്തപ്പെടുകയാണെങ്കിൽ ലോൺ സംവിധാനം ശക്തിപ്പെടുത്താനാവും.

5. സകാത്ത് പ്രോത്സാഹിപ്പിക്കുക

തൊട്ട് മുകളിൽ സൂചിപ്പിച്ച കാര്യം തന്നെ ഒന്നു കൂടെ ഇവിടെ ഊന്നിപ്പറയുന്നു എന്നു മാത്രം. സാമ്പത്തികമായ സുസ്ഥിരത ഉറപ്പ് വരുത്തുക എന്നത് ഇസ്ലാമിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നാണ്. ഇസ്ലാമിക സാമ്പത്തിക ശാസ്ത്രത്തിലെ അടിസ്ഥാനവും ശ്രദ്ധേയവുമായ സംവിധാനമാണ് സകാത്ത്. മഹല്ലിലെ സകാത്ത് നൽകാൻ ബാധ്യതയുള്ള ആളുകളെ നേരിട്ട് കണ്ട് സകാത്ത് സംവിധാനം സ്ഥാപിക്കാനാവശ്യമായ പദ്ധതികൾ അവരുമായി ചർച്ച ചെയ്യുകയും സഹകരണം ആവശ്യപ്പെടുകയും ചെയ്യുക. സകാത്തിന്റെ വിധികൾക്കകത്തു നിന്ന് ദാരിദ്ര നിർമാർജ്ജനത്തിന് സകാത്ത് ഉപയോഗപ്പെടുത്താൻ മഹല്ലുകൾക്കാവണം.

സാമ്പത്തിക സൂക്ഷ്മത- ഇസ്ലാമിക പാഠം

സമ്പത്ത് കൈകാര്യം ചെയ്യുന്നതിന് ഇസ്ലാം കണിശവും സൂക്ഷ്മവുമായ നിബന്ധനകൾ വെച്ചിട്ടുണ്ട്. സാമ്പത്തികമായ അച്ചടക്കവും മര്യാദയും ഇസ്ലാമിക സാമൂഹ്യ ജീവിതത്തിന്റെ മുഖമുദ്രയാണ്. സമ്പത്തുമായി ബന്ധപ്പെട്ട ഇസ്ലാമിക പാഠഭാഗങ്ങൾ പൊതു ജനങ്ങളെ ബോധ്യപ്പെടുത്തുന്നത് സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്താൻ സഹായകമാവും.

നേതൃത്വ ശാക്തീകരണം

വിവര സാങ്കേതിക വിദ്യയുടെ നൂതന സംവിധാനങ്ങൾ അതി വിപുലമായ ജീവിതാവസരങ്ങൾ സൃഷ്ടിക്കുന്ന പുതിയ കാലത്താണ് നാം ജീവിക്കുന്നത്. അറിവും ശേഷിയുമുള്ളവർക്ക് മാത്രം അതിജീവനം സാധ്യമാവുന്ന വിധത്തിലാണ് സാമൂഹ്യ ജീവിത മണ്ഡലങ്ങളിൽ അനുദിനം സംഭവിച്ച് കൊണ്ടിരിക്കുന്ന മാറ്റങ്ങൾ. ഈ മാറ്റത്തിന്റെ അനുഗുണമായ വശങ്ങൾ സ്വാംശീകരിച്ച് മുഖ്യധാര മുന്നേറ്റത്തോടൊപ്പം നിൽക്കാൻ സാധിച്ചാൽ മാത്രമേ നമുക്ക് സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ നമ്മുടേതായ അടയാളങ്ങൾ ശേഷിപ്പിക്കാനാവൂ. ചരിത്രപരവും സാമൂഹ്യ പരവുമായ നിരവധി കാരണങ്ങളാൽ നാം ഒട്ടനവധി മേഖലകളിൽ പിന്നാക്കം നിന്നിട്ടുണ്ട്. ഇതിന് നിലവിലുള്ള വ്യവസ്ഥിതിയെ പഴിക്കുന്നതിന് പകരം ക്രിയാത്മകമായ ചുവട്വെപ്പുകളോടെ സ്വയം മാറാൻ തയ്യാറായി നാം മുന്നോട്ട് വരണം. സ്വയം മാറാൻ തയ്യാറാവാത്തിടത്തോളം ഒരു സമുദായത്തെയും അല്ലാഹു മാറ്റുകയില്ല എന്നാണല്ലോ ഖുർആൻ പ്രസ്താവ്യം.

പുതിയ കാലത്തിന്റെ ചോദനകൾക്കനുസൃതമായ മാറ്റങ്ങൾ ഉണ്ടായാലേ അഭിമാനകരമായ അസ്തിത്വം നമുക്ക് വീണ്ടെടുക്കാനാവൂ. അതിന് വ്യത്യസ്ത മേഖലകളിൽ നമ്മുടെ പ്രാതിനിധ്യവും പ്രാഗല്ഭ്യവും തെളിയിക്കേണ്ടത് അനിവാര്യമാണ്. ഈ മാറ്റം ഏറ്റവും താഴെ തട്ടിൽ നിന്ന് തുടങ്ങിയാലേ സമഗ്രമായ പുരോഗതി സാധ്യമാവൂ. മഹല്ലുകൾ കേന്ദ്രീകരിച്ച് സമുദായംഗങ്ങളെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും കഴിവും ശേഷിയുമുള്ളവരായി മാറ്റാൻ നമുക്കാവണം. ഇത്തരത്തിൽ സമുദായത്തെ പരിവർത്തിപ്പിക്കേണ്ട ഉത്തരവാദിത്വം പണ്ഡിതന്മാരും പൊതു പ്രവർത്തകരും ബുദ്ധിജീവികളുമൊക്കെയടങ്ങുന്ന സാമൂഹ്യ നേതൃത്വത്തിനാണ്. അവരാണ് പൊതു സമൂഹത്തിന്റെ ബോധ മണ്ഡലത്തെയും കർമ്മബോധത്തെയും നിർണയിക്കുകയും ഉണർത്തുകയും ചെയ്യുന്ന മുഖ്യശക്തി.

സാമൂഹ്യവും സാംസ്കാരികവുമായ ഒട്ടനവധി അപശ്രുതികൾ നമ്മുടെ സാമൂഹ്യ ജീവിതത്തിൽ നമുക്ക് നിരന്തരം കേൾക്കാവുന്നതാണ്. കുടുംബ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും കടുത്ത അസ്വാരസ്യങ്ങൾ സൃഷ്ടിക്കുന്ന ഈ പ്രവണതകൾക്കെതിരെ കണ്ണടച്ച് ഇരുട്ടാക്കുന്നത് ശരിയല്ല. ക്രിയാത്മകമായ നേതൃത്വത്തിന്റെ അഭാവമാണ് ഇന്ന് മുസ്‌ലിം സമൂഹം അനുഭവിക്കുന്ന സകല താളപ്പിഴകളുടെയും മുഖ്യ കാരണം. സുസ്ഥിരവും ആരോഗ്യകരവുമായ ഒരു സാമൂഹ്യ നിർമ്മിതിക്ക് ഏറ്റവും താഴെ തട്ടിലുള്ള വിവിധ നേതൃത്വ കേന്ദ്രങ്ങൾ തൊട്ട് നാം പ്രവർത്തനങ്ങൾ ആരംഭിക്കണം.

പണ്ഡിതർ, അധ്യാപകർ, പൊതു പ്രവർത്തകർ, സ്ത്രീകൾ, വീട്ടമ്മമാർ, വിദ്യാർത്ഥികൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും അവരുടേതായ സാമൂഹ്യ ഭാഗധേയം നിർവഹിക്കാൻ പ്രാപ്തരാക്കുക വഴി സാമൂഹ്യ പ്രതിബന്ധതയും ബൗദ്ധിക പ്രബുദ്ധതയുമുള്ള ഒരു സമൂഹത്തെ നമുക്ക് പുനർ നിർമ്മിച്ചെടുക്കാനാവും. ഈയർത്ഥത്തിൽ മഹല്ലുകൾ കേന്ദ്രീകരിച്ച് നടത്താവുന്ന ചില പ്രവർത്തനങ്ങൾ താഴെ വിശദീകരിക്കുന്നു.

1. യുവശാക്തീകരണ പരിപാടികൾ

യുവാക്കളാണ് ഒരു സമൂഹത്തിന്റെ നാടിമിടിപ്പ് എന്ന് പറയാം. ഒരു സമൂഹം ആരോഗ്യകരമായ വളർച്ച പ്രാപിച്ചിട്ടുണ്ടോ എന്നറിയാൻ ആ സമൂഹത്തിലെ യുവാക്കൾ എന്ത് ചെയ്യുന്നു? എങ്ങനെ ചിന്തിക്കുന്നു? എന്ന് മാത്രം നോക്കിയാൽ മതിയാവും. സ്വന്തം ജീവിതത്തിൽ ഉന്നതികളുണ്ടാവുന്നതോടൊപ്പം സാമൂഹ്യ മണ്ഡലത്തിൽ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾക്കും യുവ സമൂഹം നേതൃത്വം നൽകണം. സാംസ്കാരികവും സാമൂഹ്യവുമായ രംഗങ്ങളിൽ യുവാക്കളുടെ ഇടപെടലുകളുണ്ടാവണം. സൗഹാർദ്ദ അന്തരീക്ഷം നിലനിർത്താനും സാമൂഹ്യ നന്മകൾക്ക് വേണ്ടി കൈകോർക്കാനും ഇവരെ പ്രചോദിതരാക്കണം. നിലവിലുള്ള മഹല്ല് സംവിധാനങ്ങളിൽ ഇക്കൂട്ടരെ അക്കൊമഡേറ്റ് ചെയ്യാനുള്ള ഇടങ്ങളൊന്നും തന്നെ ഇല്ലാത്തതിനാൽ ഒരു തരത്തിലുള്ള സാമൂഹ്യ പ്രവർത്തനത്തിലും നമ്മുടെ നാട്ടിലെ യുവാക്കൾ ഇടപെടാറില്ല. ഈ അവസ്ഥ മാറണം.

മഹല്ലുകൾ കേന്ദ്രീകരിച്ച് യുവശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുക വഴി അവരുടെ വ്യക്തി വികാസത്തിലും നേതൃത്വ ശേഷിയിലും വലിയ പുരോഗതി ഉണ്ടാക്കാനാവും. ഇത്തരത്തിൽ നിരന്തര പരിശീലനങ്ങളും പ്രോത്സാഹനവും നൽകിയാൽ യുവാക്കൾ സ്വയം പര്യാപ്തമായ രീതിയിൽ സാമൂഹ്യ സംരംഭങ്ങൾ തുടങ്ങാൻ മുന്നിട്ടിറങ്ങും.

2. ഇമാം പരിശീലനം

പണ്ഡിതർക്കാണ് സമൂഹത്തിന്റെ സാംസ്കാരിക നേതൃത്വത്തിന്റെ ചുമതല. പള്ളിയും മദ്രസയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കപ്പുറം സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട രംഗങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ അവർക്കാവണം. പുതിയ കാലം മുന്നോട്ട് വെക്കുന്ന ആവശ്യങ്ങളും വെല്ലുവിളികളും വളരെ വിപുലവും വ്യത്യസ്തവുമാണ്. ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും മഹല്ല് നിവാസികളെ സഹായിക്കാനും ഇമാം- മുഅല്ലി മുമാർക്ക് കഴിയണം. കുടുംബ ജീവിതവുമായും മക്കളുടെ വിദ്യാഭ്യാസവും സദാചാരവുമായും ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിൽ പെരുകി കൊണ്ടിരിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ വളരെ തന്ത്രപരമായ ഇടപെടൽ

നടത്താൻ ഇമാമുമാർക്ക് കഴിയണം. അതിന് വ്യത്യസ്തമായ കഴിവുകൾ ആർജ്ജിക്കേണ്ടതുണ്ട്. ഖുർആനിക ഭാഷയിൽ ഇതിനെ 'ഹിക്മത്ത്' എന്ന് വിളിക്കാം, വ്യക്തിത്വ വികസനം, നേതൃത്വശേഷി, മന: ശാസ്ത്ര വിജ്ഞാനീയം, മസ്ലഹത്ത്, സാമൂഹ്യ സേവനം, സാമൂഹ്യ അഭിസംബോധന, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ അറിവും കഴിവുമുള്ളവരായി ഇമാമുമാരെ മാറ്റിയെടുക്കാൻ ഇത്തരം പരിശീലനം സഹായിക്കും. അത് പൊതു ജനങ്ങളിൽ ദീനി നേതൃത്വത്തോടും സ്ഥാപനങ്ങളോടുമുള്ള ബഹുമാനവും പ്രതിബദ്ധതയും വളർത്താൻ സഹായിക്കും.

3. മുഅല്ലിം പരിശീലനം

ഇസ്‌ലാമിക ധർമ്മവും കർമ്മപാഠങ്ങളും ചെറുപ്പം തൊട്ടേ പഠിപ്പിക്കാനുതകുന്ന വ്യവസ്ഥാപിതമായ മദ്രസാ സംവിധാനം ഇന്ന് നമുക്ക് കേരളത്തിലുടനീളമുണ്ട്. ഇസ്‌ലാമിക സാംസ്കാരിക നിർമ്മിതിയിൽ അവ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. മദ്രസാധ്യാപനം കൂടുതൽ ക്രിയാത്മകവും ഫല പ്രദവുമാക്കിയാൽ മാത്രമേ ഈ സ്ഥാപനങ്ങൾ കൊണ്ടുള്ള ആത്യന്തിക ദൗത്യം പൂർണ്ണമായി നിർണയിക്കാനാവൂ. അധ്യാപനവും പഠനവുമായി ബന്ധപ്പെട്ട് ഒട്ടനവധി പഠനങ്ങളും പരിഷ്കരണങ്ങളും ഇന്ന് നടക്കുന്നുണ്ട് അധ്യാപനം കൂടുതൽ ഗ്രാഹ്യവും സരസവുമാക്കാനും, ഓരോ കുട്ടിയുടെയും വ്യക്തിത്വത്തിനും ബുദ്ധി ശക്തിക്കുമനുസരിച്ച് അവരെ പഠിപ്പിക്കാനും ക്രിയാത്മക മാറ്റങ്ങളു ാക്കാനുമുതകുന്ന ശാസ്ത്രീയ രീതികളാണ് ഇന്ന് ഏറ്റവും സ്വീകരിക്കപ്പെടുന്നത്. പക്ഷെ ഈ മാറ്റങ്ങളൊന്നും മദ്രസാധ്യാപന രംഗത്ത് ഉണ്ടായിട്ടില്ല. പരമ്പരാഗത സമ്പ്രദായമാണ് ഇന്നും തുടരുന്നത്. പൂർണ്ണമായും ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ വലിയ ശ്രമം ആവശ്യമാണ്. എന്നിരുന്നാലും ഇസ്‌ലാം മുന്നോട്ട് വെക്കുന്ന 'തർബിയത്ത്' സാധ്യമാക്കാനുതകുന്ന വിധം, ആധുനിക മന:ശാസ്ത്രത്തിന്റെയും വിദ്യാഭ്യാസ ശാസ്ത്രത്തിന്റെയും സമീപനങ്ങളും അധ്യാപന രീതികളും നമ്മുടെ മദ്രസാധ്യാപകർക്ക് പകർന്ന് നൽകാനായാൽ അത് പുതുതലമുറയിൽ വലിയ മാറ്റം സൃഷ്ടിക്കും. ഈയർത്ഥത്തിൽ മഹല്ലിലെ മദ്രസാധ്യാപകർക്ക് വേണ്ടി വിദഗ്ദരായ വിദ്യാഭ്യാസ വിചക്ഷണരെയും മന:ശാസ്ത്രജ്ഞരെയും വെച്ച് പരിശീലനങ്ങൾ നൽകാവുന്നതാണ്.

4. മഹല്ല് ഭാരവാഹികൾക്ക് പരിശീലനം

മഹല്ല് ഭരണം ഇന്ന് പള്ളിയെയും മദ്രസയെയും ഖബറിസ്ഥാനെയും ചുറ്റിപ്പറ്റി ഒതുങ്ങി നിൽക്കുകയാണ്. സാമൂഹ്യ പരമായ ദൗത്യം പലപ്പോഴും പരിമിതപ്പെട്ടു പോവുന്നുണ്ട്. കൃത്യമായ മാതൃകയോ നേതൃത്വമോ ഇല്ലാത്തതിനാൽ നല്ല സമൂഹ്യ പ്രതിബന്ധതയുള്ള മഹല്ല് ഭാരവാഹിത്വത്തിന് പോലും കാര്യമായി ഒന്നും ചെയ്യാനാവാറില്ല. മഹല്ല് ഭാരവാഹിത്വത്തിന്റെ ദൗത്യം എന്തെല്ലാമാണ്, ഇസ്ലാമികമായ രീതി ശാസ്ത്രമെന്താണ്, എങ്ങനെ മഹല്ല് ഭരണം ശാസ്ത്രീയമാക്കാം തുടങ്ങിയ കാര്യങ്ങൾ ഓരോ മഹല്ല് ഭാരവാഹിയെയും ബോധ്യപ്പെടുത്താനായി ഭാരവാഹികൾക്ക്

വേണ്ടി ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും അത് വഴി മഹല്ല് കേന്ദ്രീകരിച്ചുള്ള സാമൂഹ്യ പ്രവർത്തനത്തിനുള്ള ഒരു രൂപരേഖ തയ്യാറാക്കുകയും ചെയ്യാം.

5. മസ്ലഹത്ത് സംവിധാനം

വിവാഹമോചനം, സ്വത്തു തർക്കം, കുടുംബ വഴക്കുകൾ തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ഇന്ന് മുസ്ലിം സാമൂഹ്യ ജീവിതത്തെ വല്ലാതെ ഗ്രസിച്ച് കൊണ്ടിരിക്കുകയാണ്. പലതും രൂക്ഷമായ വഴക്കുകളിലും സംഘട്ടനങ്ങളിലും ചെന്നവസാനിക്കുകയുമാണ് പതിവ്. ആരോഗ്യകരമായ ഒരു സമൂഹത്തിന് ചേർന്ന പ്രവണതയല്ല ഇതൊന്നും. സമുദായത്തിന്റെ അന്തസിനും തത്വങ്ങൾക്കും നിരക്കാത്തവിധത്തിലുള്ള പ്രവർത്തനങ്ങൾ പൊതു സമൂഹത്തിന് മുമ്പിലും മീഡിയകളിലും നമ്മെ കൂടുതൽ അപഹാസ്യരാക്കാനേ പ്രയോജനപ്പെടൂ. ഇത്തരം ഗുരുതരമായ പ്രതിസന്ധികളിൽ രമ്യമായ ഒത്തു തീർപ്പുകൾ ഉണ്ടാക്കുന്നത് വഴി സമൂഹത്തെ നാണക്കേടിൽ നിന്ന് രക്ഷിക്കാൻ മസ്ഹലത്ത് സമിതിയ്ക്ക് കഴിയും.

മഹല്ല് ഭാരവാഹികൾ, പണ്ഡിതർ, പൗര പ്രമുഖർ, മന:ശാസ്ത്ര വിദഗ്ധർ, കുടുംബ കൗൺസിലർമാർ, നിയമ വിദഗ്ദർ തുടങ്ങിയവരുൾപ്പെടുന്ന ഒരു സമിതി മസ്ലഹത്തിന് വേണ്ടി രൂപീകരിക്കാം. മഹല്ലിനകത്തു വരുന്ന ഏത് പ്രശ്നവും രമ്യമായും ന്യായമായും പരിഹരിക്കാൻ ഈ സമിതി ശ്രമിക്കണം. ഇരു കക്ഷികളുടെയും വാദമുഖങ്ങൾ കൃത്യമായി മനസ്സിലാക്കി, വിലയിരുത്തി ന്യായവും ഇരു കൂട്ടർക്കും യോജ്യവുമായ രീതിയിൽ പരിഹാരം കണ്ടെത്താൻ സമിതിയ്ക്ക് കഴിയണം. ഇത്തരത്തിൽ പ്രശ്നങ്ങളെ വിലയിരുത്താനും പരിഹാര മാർഗം കണ്ടെത്താനും കഴിവുള്ളവരും മന:ശാസ്ത്ര പരിചയമുള്ളവരും ആയിരിക്കണം സമിതി അംഗങ്ങൾ. ഫാമിലി കൗൺസലിംഗിൽ പരിചയ സമ്പന്നരായ ആളുകൾ സമിതിയിലുണ്ടായാൽ സമവായ ചർച്ചകൾക്കും ആരോഗ്യകരമായ പരിഹാരങ്ങൾ എടുക്കാൻ ഇരു കക്ഷികളെയും സഹായിക്കാനും അവർക്കാവും. മസ്ലഹത്ത് സമിതിക്ക് പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ മാത്രമേ പോലീസിലും കോടതിയിലും എത്താവൂ. നിയമപാലകരുടെയും നിയമ വിദഗ്ദരുടെയുമൊക്കെ സഹായവും പ്രശ്ന പരിഹാരത്തിന് മസ്ലഹത്ത് സമിതിക്ക് തേടാവുന്നതാണ്. കേരളത്തിലെ ചില മഹല്ലുകളിൽ ഈ സംവിധാനം വിജയകരമായി നടക്കുന്നുണ്ട്.

6. പ്രായപൂർത്തിയാവും മുമ്പേയുള്ള വിവാഹം നിരുത്സാഹപ്പെടുത്തുക

ഏറ്റവും കൂടുതൽ ശൈശവ വിവാഹം നടക്കുന്ന സമുദായമാണ് മുസ്ലിംകൾ. മാനസികവും ശാരീരികവുമായ പക്വത കൈവരുന്നതിന് മുമ്പുള്ള വിവാഹം നിരവധി കുടുംബ പ്രശ്നങ്ങൾക്കും

പൊരുത്തക്കേടുകൾക്കും കാരണമാവുന്നുണ്ട്. മുസ്‌ലിം സമൂഹത്തിൽ ഏറ്റവും കൂടുതൽ വിവാഹ മോചിതരായ സ്ത്രീകൾ ഉള്ളത് 17-21 വയസ്സിനുമിടയിലാണ് എന്ന് നിരവധി പഠനങ്ങൾ പറയുന്നുണ്ട്. പ്രായപൂർത്തിയാവും മുമ്പേയുള്ള വിവാഹത്തിന്റെ ദുരന്തമാണിത് കാണിക്കുന്നത്. പത്താം ക്ലാസിന് ശേഷം വിദ്യാലയങ്ങളിൽ ഏറ്റവും കൂടുതൽ കൊഴിഞ്ഞ് പോക്ക് (dropout) കാണാവുന്നത് മുസ്‌ലിംകൾക്കിടയിലാണ്. അതും 90% പെൺകുട്ടികൾ. വലിയ വിശദീകരണമൊന്നും ആവശ്യമില്ലാതെ തന്നെ ഇതിന്റെ കാരണം മനസ്സിലാക്കാവുന്നതേയുള്ളൂ. ശാരീരിക വളർച്ചയ്ക്കപ്പുറം വൈകാരിക പക്വതയാണ് ദാമ്പത്യ ജീവിതത്തെ അർത്ഥ പൂർണ്ണമാക്കുന്നതെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവില്ല. ശൈശവ വിവാഹം ഇന്ന് വളരെ പ്രാകൃതമായ സമ്പ്രദായമായിട്ടാണ് ഗണിക്കപ്പെടുന്നത് തന്നെ. മാത്രമല്ല ഇത് നിയമ വിരുദ്ധവുമാണ്. അതിനാൽ പെൺകുട്ടികൾക്ക് 18 വയസ്സ് തികയുന്നതിന് മുമ്പുള്ള വിവാഹം നിരുത്സാഹപ്പെടുത്തണം. പല മഹല്ലുകളും ഇന്ന് ഈ രീതി സ്വീകരിച്ചിട്ടുണ്ട്. പണ്ഡിതന്മാരും മഹല്ല് നേതൃത്വവും ഇക്കാര്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ തയ്യാറായാൽ നല്ല മാറ്റം ഉണ്ടാകും.

7. പുനർ വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുക

പുനർ വിവാഹത്തെ ഇസ്‌ലാം വളരെയേറെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. നിർഭാഗ്യകരമായ കാരണങ്ങളാൽ വിവാഹ മോചിതരാവുകയോ വിധവകളാവുകയോ ചെയ്യുന്നവർക്ക് പുനർ വിവാഹം നടത്തിക്കൊടുക്കാൻ മഹല്ല് കമ്മിറ്റികൾ തയ്യാറാവണം.

8. ലളിത വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുക

ധൂർത്തും ആർഭാടവും ഇസ്‌ലാം പ്രോത്സാഹിപ്പിച്ചിട്ടില്ല. സ്ത്രീധനവും ആഡംബര വിവാഹങ്ങളും സൃഷ്ടിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ ചെറുതല്ലല്ലോ. അതിനാൽ സ്ത്രീധനം ആഗ്രഹിക്കാതെ വിവാഹം ചെയ്യാൻ തയ്യാറുള്ളവരും ലളിതമായ വിവാഹം നടത്താൻ താൽപര്യമുള്ളവരുമായ ആളുകൾക്ക് പ്രോത്സാഹനം നൽകണം. അത്തരക്കാർക്ക് അർഹമായ അംഗീകാരം നൽകണം.

9. അടിസ്ഥാന ആവശ്യങ്ങൾക്കുള്ള സഹായം

കുടിവെള്ളം, പാർപ്പിടം, കക്കൂസ് തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾ (basic needs) ഇല്ലാത്ത ആളുകൾക്ക് ലഭ്യമാക്കാനുള്ള നടപടികൾക്ക് മഹല്ലിന് നേതൃത്വം നൽകാം. സ്വന്തമായി വീടില്ലാത്ത ഒരു കുടുംബം പോലും മഹല്ലിലില്ലെന്ന് ഉറപ്പു വരുത്തണം. എല്ലാ വീടുകളിലും കക്കൂസ് പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. ഇല്ലെങ്കിൽ കൂട്ടായ ധനശേഖരത്തിലൂടെയോ

മറ്റോ അവ നിർമ്മിച്ച് നൽകുക. വേനൽക്കാലങ്ങളിൽ കുടിവെള്ള സംവിധാനം ഒരുക്കുക തുടങ്ങിയ കാര്യങ്ങൾക്കും മഹല്ലിന് നേതൃത്വം നൽകാം.

കുടുംബക്ഷേമം

സാമൂഹിക സംവിധാനത്തിലെ അടിസ്ഥാന ഘടകമാണ് കുടുംബം. സ്ത്രീയും പുരുഷനും തമ്മിലുള്ള വൈവാഹിക ജീവിതത്തിലൂടെയാണല്ലോ കുടുംബം പിറവി കൊള്ളുന്നത്. ഇവർ പരസ്പരം സ്നേഹത്തിലും പൊരുത്തത്തിലും വിട്ടു വീഴ്ച ചെയ്തും മക്കളുടെ സന്തോഷത്തിനും സുരക്ഷിതത്വത്തിനുമായി നിലകൊള്ളുമ്പോൾ കുടുംബം സമ്പൂർണമാവുന്നു. കുടുംബ ഭദ്രതയ്ക്ക് അടിസ്ഥാന പരമായി ഉണ്ടാവേണ്ടുന്ന ചില മൂല്യങ്ങൾ ഇസ്‌ലാം മുന്നോട്ട് വെച്ചിട്ടുണ്ട്. അവ പാലിക്കപ്പെടുമ്പോഴാണ് മൂല്യാധിഷ്ഠിതമായ ഒരു കുടുംബ വ്യവസ്ഥിതി സാധ്യമാവുന്നത്. ഈ മൂല്യങ്ങളിൽ അപചയം സംഭവിക്കുമ്പോഴാണ് കുടുംബത്തിൽ അസ്വാരസ്യവും പൊരുത്തക്കേടുകളുമുണ്ടാവുന്നത്.

ഒരു കുട്ടിയുടെ വ്യക്തിത്വ രൂപീകരണത്തിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്നത് കുടുംബമാണ്. അടിസ്ഥാന മൂല്യങ്ങളും ജീവിതശേഷികളും കാഴ്ചപ്പാടുകളുമെല്ലാം ഒരാൾ സ്വാംശീകരിക്കുന്നത് കുടുംബത്തിൽ നിന്നാണ്. ജീവിതകാലം മുഴുക്കെ കുടുംബത്തിന്റെ സ്വാധീനം ഒരാളുടെ വ്യക്തിത്വത്തിൽ നിഴലിച്ച് കാണാം. എല്ലാ കുഞ്ഞുങ്ങളും ശുദ്ധ പ്രകൃതത്തോടെയാണ് ജനിക്കുന്നത്. മാതാപിതാക്കളാണ് അവരുടെ വിധി നിർണയിക്കുന്നത് എന്ന പ്രവാചക വചനം ഇവിടെ ഏറെ ശ്രദ്ധേയമാണ്.

കുടുംബത്തിൽ തന്നെ, മാതാവാണ് ഒരു കുഞ്ഞിന്റെ ആദ്യ വിദ്യാലയം. ഗർഭാവസ്ഥയിൽ പോലും മാതാവിന്റെ മനോ വൈകാരിക ബോധങ്ങൾ കുഞ്ഞിനെ ബാധിക്കുമെന്നാണ് ശാസ്ത്രീയ കണ്ടെത്തലുകൾ പറയുന്നത്. വ്യക്തിത്വവും സാമൂഹ്യ ബോധവും നിർണയിക്കുന്നതിൽ മാതാവിനുള്ള പങ്ക് നിസ്തുലമാണ്. ഒരാളുടെ ബൗദ്ധികവും മാനസികവുമായ വളർച്ചയിൽ കുടുംബം വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.

കുടുംബാന്തരീക്ഷവും മൂല്യങ്ങളും സാമൂഹ്യ നിർമിതിയിൽ അനന്യമായ പങ്ക് വഹിക്കുന്നുവെന്ന് ചുരുക്കം. ആയതിനാൽ കുട്ടികളുടെ വളർച്ചാ ഘട്ടങ്ങളിൽ ശാരീരികവും മാനസികവും വൈകാരികവുമായ പക്വത കൈവരിക്കുന്നതിനാവശ്യമായ അറിവും കഴിവും മാതാപിതാക്കൾ നേടുന്നത് നല്ല കുടുംബത്തിന്റെ വളർച്ചയിൽ ഒരുപാട് ഗുണം ചെയ്യും. കുടുംബത്തിൽ സ്നേഹവും സൗഹാർദ്ദവും നിലനിർത്താൻ ദമ്പതികൾ പരസ്പരം സൂക്ഷിക്കേണ്ട മൂല്യങ്ങളും നിലപാടുകളും പഠിപ്പിക്കപ്പെടുകയാണെങ്കിൽ ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവും.

സന്തോഷകരമായ കുടുംബ ജീവിതം നയിക്കാൻ ഏതൊരാൾക്കും ചില വിലപ്പെട്ട ജീവിത ശേഷികൾ ഉണ്ടാവേണ്ടതുണ്ട്. അവയിൽ ചിലത് ജീവിത സാഹചര്യങ്ങളിലൂടെ നേടാവുന്നതും മറ്റു ചിലത് ബോധപൂർവ്വമായ ശ്രമങ്ങളിലും നേടേണ്ടതുമാണ്. നിരന്തരം നാം കേട്ടു കൊണ്ടിരിക്കുന്ന കുടുംബ പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാന കാരണം ഇത്തരം ജീവിതശേഷികളുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. ബന്ധങ്ങൾ മനുഷ്യ ഹൃദയങ്ങൾ തമ്മിലുള്ള അനുഗ്രഹീതമായ ഒരു അനുരണനമാണ്. അതാവട്ടെ ഒരേ സമയം ഏറെ ലോലവും ദൃഢവുമാണ്. ബന്ധങ്ങൾ ശക്തിപ്പെടുത്താനും കൂട്ടിയിണക്കാനുമുള്ള മാനസിക പക്വതയും ശേഷിയും ഓരോ ആളിലും ഉണ്ടായിരിക്കണം. ദമ്പതിമാർ തമ്മിലുള്ള പൊരുത്തക്കേടുകൾ, മാതാപിതാക്കളും മക്കളും തമ്മിലുള്ള പ്രശ്നങ്ങൾ, സഹോദരങ്ങൾ തമ്മിലെ വഴക്കുകൾ, വിവാഹാനുബന്ധ പ്രശ്നങ്ങൾ തുടങ്ങി ഒരായിരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ പ്രവർത്തനങ്ങൾക്ക് മഹല്ല് നേതൃത്വം നൽകണം. സമകാലിക സമൂഹത്തിൽ മുഖ്യമായും കണ്ട് വരുന്ന ഒട്ടനവധി പ്രശ്നങ്ങൾ പരിഹരിക്കാൻ ചെയ്യാവുന്ന ഏതാനും ചില പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു

1. വിവാഹ ജീവിത ശില്പശാല

ദാമ്പത്യ ജീവിതത്തെ കുറിച്ച് അറിവില്ലായ്മയും മുൻവിധികളുമാണ് മിക്ക കുടുംബ പ്രശ്നങ്ങളുടെയും മൂല ഹേതു. ത്വലാഖ്, ബഹുഭാര്യത്വം, സ്ത്രീധന പീഡനം തുടങ്ങി നിരവധി പ്രശ്നങ്ങൾ നാം നിരന്തരം കേട്ട് കൊണ്ടിരിക്കുന്നു. ആർക്കും കൃത്യമായ പരിഹാരം നിർദ്ദേശിക്കാനാവുന്നില്ല. വിവാഹവുമായും ദാമ്പത്യവുമായും ബന്ധപ്പെട്ട പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് മുസ്ലിം സമുദായത്തിൽ നിന്നാണ്. ജീവിതത്തെ കുറിച്ച് കൃത്യമായ അറിവോ ധാരണയോ നേടാൻ വിവാഹിതരാവുന്നവർക്ക് കഴിയുന്നില്ല. പകരം പൊതു സമൂഹത്തിൽ നിന്ന് പകർന്ന് കിട്ടുന്ന ശരിയും തെറ്റും കലർന്ന വിശ്വാസങ്ങളാണ് ആളുകളെ നയിക്കുന്നത്. ഒരു പ്രത്യേക പ്രായമെത്തുമ്പോൾ നടക്കുന്ന ഒരു നാട്ടു സമ്പ്രദായം മാത്രമായിരിക്കുന്നു വിവാഹങ്ങൾ. തുടർന്ന് സ്വാഭാവികമായ സംഭവ വികാസമെന്നോണം ആസൂത്രണ രഹിതമായ പ്രത്യുല്പാദനവും ജീവിതവുമൊക്കെ ഒരു പ്രക്രിയയായി നടക്കുന്നു. ഇതിനിടയിൽ ചെറുപ്പം തൊട്ടേ മനസ്സിൽ രൂഢമൂലമായ ധാരണകളും മുൻവിധികളും ദമ്പതികൾക്കിടയിൽ അഭിപ്രായ വ്യത്യാസവും പതുക്കെ അസ്വാരസ്യങ്ങളും ഉണ്ടാക്കുന്നു. ഇത്തരം ധാരണകൾ തിരുത്തപ്പെടുകയും സ്നേഹ പൂർണ്ണമായ ബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും പരസ്പരം പൊരുത്തപ്പെട്ടും വിട്ടുവീഴ്ച ചെയ്തും ജീവിക്കാനുള്ള ശേഷികൾ നേടിയെടുക്കാനും സാധിച്ചാൽ ഇത്യാദി പ്രശ്നങ്ങൾ നല്ല ഒരളവു വരെ പരിഹരിക്കാം.

ഇതിനായി മഹല്ലുകൾക്ക് എന്ത് ചെയ്യാമെന്നാണ് ഇവിടെ ചർച്ച ചെയ്യുന്നത്. മഹല്ലിലെ വിവാഹ പ്രായമെത്തിയ യുവതീ യുവാക്കൾക്കായി വിവാഹ പൂർവ ശില്പശാല (Premarital

workshop) സംഘടിപ്പിക്കുക ഒരു നല്ല മാർഗ്ഗമാണ്. ദാമ്പത്യം, പാരസ്പര്യം, സ്നേഹം, ലൈംഗികത, സന്താന പരിപാലനം തുടങ്ങിയ വിഷയങ്ങൾ ശാസ്ത്രീയമായി പഠിക്കാനും വിലയിരുത്താനും ഈ ശില്പശാല ഗുണം ചെയ്യും. വിവാഹലക്ഷ്യം, പരസ്പര ചേർച്ചയുടെ മാനദണ്ഡങ്ങൾ, ബന്ധങ്ങളുടെ മന:ശാസ്ത്രം, പരസ്പര പെരുമാറ്റം, സാഹചര്യങ്ങളോട് പൊരുത്തപ്പെടൽ, മുൻവിധികളെ അകറ്റൽ, വിട്ടുവീഴ്ച, ലൈംഗികത, ഗർഭം, പ്രസവം, സന്താന ശിക്ഷണം, തുടങ്ങി വിവിധ വിഷയങ്ങൾ ഇസ്ലാമികാധ്യാപനങ്ങളുടെയും ശാസ്ത്രീയ പഠനങ്ങളുടെയും അടിസ്ഥാനത്തിൽ ചർച്ച ചെയ്യുന്ന ഇത്തരം ശില്പശാലകൾ വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം നടത്തണം. വിദഗ്ധരായ മന:ശാസ്ത്രജ്ഞർ, കുടുംബ കൗൺസിലർമാർ, ആരോഗ്യ പ്രൊഫഷണലുകൾ, മത പണ്ഡിതർ എന്നിവർ ചേരുന്ന ഒരു ടീമിനാണ് ഈ ക്ലാസ് നയിക്കാനാവുക. ഇത്തരം ശില്പശാലകളിലൂടെ വ്യവസ്ഥാപിതമായ ഒരു കോഴ്സ് ചെയ്യാത്തവർക്ക് നിക്കാഹ് ചെയ്ത് തരാനാവില്ല എന്ന നിർദ്ദേശവും മഹല്ലിന് മുമ്പോട്ട് വെക്കാനാവും. കേരളത്തിലെ പല മഹല്ലുകളും ഇത്തരം പ്രവർത്തനങ്ങൾ ആവേശ പൂർവ്വം ഏറ്റെടുക്കാൻ തുടങ്ങിയിട്ടുണ്ട്.

2. ദമ്പതികൾക്ക് പരിശീലനം

ഏറ്റവും ഗൗരവത്തോടെ അഭിമുഖീകരിക്കേണ്ട മറ്റൊരു മേഖലയാണ് കുടുംബം. ചെറിയ ചില താളപ്പിഴകൾ കാരണം ഗുരുതരമായ പ്രശ്നങ്ങളും വീർപ്പു മുട്ടലുകളും കുടുംബങ്ങൾക്കകത്ത് നിരന്തരം സംഭവിക്കാറുണ്ട്. ദാമ്പത്യ ജീവിതം സ്നേഹ പൂർണ്ണവും സൗഹാർദ്ദ പരവുമാകുന്നതിനാവശ്യമായ അറിവും ശേഷിയും നേടാനായാൽ, പ്രശ്നങ്ങൾ ഉടലെടുക്കുന്നതിന്റെ മൂലകാരണം മനസ്സിലാക്കാൻ ദമ്പതികൾക്ക് കഴിഞ്ഞാൽ കുടുംബം സ്വർഗമാകും. എങ്ങനെ കുടുംബ ജീവിതം സംതൃപ്തമാക്കാം, ഭാര്യാ ഭർത്താക്കന്മാരുടെ പരസ്പര ബാധ്യതകൾ എന്തെല്ലാം, എങ്ങനെ ജീവിത പാരസ്പര്യം ഉണ്ടാക്കാം, കുടുംബത്തിലെ ആശയ വിനിമയം എങ്ങനെയായിരിക്കണം, പരസ്പര ബഹുമാനം, അംഗീകാരം, പരിഗണന അഭിനന്ദനം, സന്താന പരിപാലനം തുടങ്ങി ജീവിത ഗന്ധിയായ നിരവധി വിഷയങ്ങളിൽ ദമ്പതിമാർക്ക് ക്ലാസുകൾ ലഭിക്കും.

പ്രവാസികളായ രക്ഷിതാക്കൾക്ക് റിമോർട്ട് പാരന്റിംഗ്, അവരുടെ കുടുംബങ്ങൾക്ക് ഇമോഷണൽ മാനേജ്മെന്റ്, തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകാം.

3. രക്ഷാ കർതൃ പരിശീലനം

എങ്ങനെ കുട്ടികളെ പഠനത്തിൽ തൽപരരാക്കാം, പെരുമാറ്റ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം, വിവിധ വളർച്ചാ ഘട്ടങ്ങളിലെ പ്രശ്നങ്ങളും ചോദനകളും, അംഗീകാരവും പരിഗണനയും നൽകേണ്ടതിന്റെ ആവശ്യകത, വൈകാരിക പ്രശ്നങ്ങൾ തുടങ്ങി സന്താന പരിപാലനവുമായി ബന്ധപ്പെട്ട് മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ട നിരവധി വിഷയങ്ങൾ രക്ഷാകർതൃ പരിശീലനത്തിലൂടെ രക്ഷിതാക്കളെ ബോധവൽക്കരിക്കാം. ഇത് കുട്ടികളുടെ പെരുമാറ്റത്തിലും ജീവിത നേട്ടങ്ങളിലും കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കും. സമർത്ഥരായ കുടുംബ പരിശീലകരെ കൊണ്ടാണ് ഇത്തരം ക്ലാസുകൾ എടുപ്പിക്കേണ്ടത്.

4. നിയമജ്ഞാനം

ദൈനം ദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി നിയമ വശങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങൾ അറിഞ്ഞിരിക്കുന്നത് പല ഓഫീസ് നടപടികളും എളുപ്പമാക്കാനും കബളിപ്പിക്കപ്പെടുന്നത് ഒഴിവാക്കാനും സഹായിക്കും. വിവരാവാകാശ നിയമം പോലുള്ളത് ഒരു പൗരന്റെ സ്വാതന്ത്ര്യത്തിനും അധികാരത്തിനും ലഭിക്കുന്ന അംഗീകാരമാണ്. പക്ഷെ മിക്ക ആളുകളും ഇതിന്റെ സൗകര്യങ്ങളെക്കുറിച്ച് അജ്ഞരാണ്. വിദഗ്ധരായ നിയമജ്ഞരെ കൊണ്ട് ഈ ക്ലാസ് എടുപ്പിക്കാം.

5. ഹോം സയൻസ്

'ഉമ്മയാണ് ഡോക്ടർ, അടുക്കളയാണ് ആശുപത്രി', എന്നൊരു ചൊല്ലുണ്ട്. നല്ല ഭക്ഷണം ആരോഗ്യം നിലനിർത്തും. വീട്ടമ്മമാർക്ക് ഭക്ഷണം, പച്ചക്കറി കൃഷി, പ്രകൃതി ദത്ത ഔഷധങ്ങൾ തുടങ്ങി വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നൽകാം.

സാംസ്കാരികം

ഇന്ത്യയുടെ സാംസ്കാരിക ബോധമണ്ഡലത്തിൽ ഇസ്ലാം സൃഷ്ടിച്ച മാറ്റങ്ങൾ അനന്യമാണ്. സാമൂഹ്യ പുനരുദ്ധാരണത്തിലും മാനവിക നിർമ്മിതിയിലും ഇസ്ലാമിന്റെ സംഭാവനകൾ വളരെ വിപുലമാണ്. സാമൂഹ്യ സമത്വവും സൗഹാർദ്ദവുമാണ് ഇസ്ലാം മുന്നോട്ട് വെക്കുന്ന ഏറ്റവും പ്രാധാന മൂല്യങ്ങൾ. ഭൂമിയിലെ ദൈവത്തിന്റെ പ്രാതിനിധ്യമാണ് മനുഷ്യരിൽ അർപ്പിതമായിട്ടുള്ളത്. എല്ലാ ജീവ ജാലങ്ങൾക്കും കാരുണ്യവും സമാധാനവും പകർന്ന് നൽകാനാണ് ഇസ്ലാം മനുഷ്യനോട് ആവശ്യപ്പെടുന്നത്. ''നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിക്കൂ. എങ്കിൽ ആകാശത്തുള്ളവൻ നിങ്ങളോട് കരുണ കാണിക്കും'' എന്നാണ് പ്രവാചകാധ്യാപനം.

സമകാലിക സാമൂഹികാവസ്ഥ ഏറെ കലുഷിതമാണ്. പഴയ കാലത്തെ അപേക്ഷിച്ച് മനുഷ്യ മനസ്സുകൾക്കിടയിൽ വലിയ അകലങ്ങൾ സൃഷ്ടിക്കപ്പെടുകയും ചുറ്റുപാടുകൾ തെറ്റിദ്ധാരണകളും പരസ്പര വിശ്വാസമില്ലായ്മയും കൊണ്ട് വീർപ്പു മുട്ടുകയും ചെയ്യുന്നു.

മനുഷ്യർ തമ്മിലുള്ള ആശയ വിനിമയം വളരെ ശോഷിച്ചു പോയി. സാമൂഹിക പാരസ്പര്യത്തിന് വല്ലാതെ വിള്ളൽ സംഭവിച്ചത് കടുത്ത സംഘർഷ ബോധത്തിലേക്ക് തള്ളി വിട്ടു. സഹജീവിയുടെ നോവുകളറിയാനും സാന്ത്വനമേകാനും നമുക്ക് സമയവും ഇടവുമില്ലാതെ പോയി. തളം കെട്ടി നിൽക്കുന്ന ഈ അന്ധതയ്ക്ക് മാറ്റം വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സമൂഹത്തിന്റെ ബോധമണ്ഡലത്തിൽ വലിയ തിരുത്തലുകളും ഉണർത്തലുകളും അനിവാര്യമായി വന്നിരിക്കുന്നു. ഗ്രാമ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് മനുഷ്യ മനസ്സുകളിൽ പരസ്പര സഹവർതിത്വത്തിന്റെയും സാമൂഹ്യ സംയമനത്തിന്റെയും സന്ദേശങ്ങൾ എത്തിക്കാൻ നമുക്ക് കഴിയണം. ജാതി മത വിഭാഗീയതകൾക്കപ്പുറത്ത്, ഇസ്ലാം മുന്നോട്ട് വെക്കുന്ന സ്നേഹ സന്ദേശവും കാരുണ്യവും അർഹതപ്പെട്ടവർക്ക് എത്തിക്കാനാവണം.

സമൂഹത്തിൽ ഉദാത്തമായ മൂല്യബോധങ്ങൾ വളർത്തിയെടുക്കണം. ധാർമ്മികാപചയങ്ങൾക്കും മൂല്യ ശോഷണത്തിനും ക്രിയാത്മകമായ പരിഹാരങ്ങൾ ഉണ്ടാവണം. കേവലം മദ്രസാ പഠനം കൊണ്ട് ലഭിക്കുന്നതിലപ്പുറം ആത്മീയ വികാസത്തിന (തർബിയത്ത്) നുയോജ്യമായ സംവിധാനങ്ങൾ ഉണ്ടായാലേ മൂല്യ നിർണയം സാധ്യമാവൂ. സമകാലിക സമൂഹം അനുഭവിക്കുന്ന പ്രയാസങ്ങൾക്കും കെടുതികൾക്കുമെതിരെ മൂല്യാധിഷ്ഠിതമായ വിചാരബോധം ഉണർത്തിയെടുക്കാൻ തർബിയത്ത് കൊണ്ട് മാത്രമേ ആവൂ. അതിന് പ്രാപ്തമായ നേതൃത്വമാണ് ഇന്ന് മുസ്ലിം സമൂഹത്തിന് അനിവാര്യമായിരിക്കുന്നത്.

മഹല്ലുകൾ കേന്ദ്രീകരിച്ച് നടത്താവുന്ന ഏതാനും പ്രവർത്തനങ്ങൾ ഇവിടെ സൂചിപ്പിക്കാം. ഈ പട്ടിക അപൂർണമാണ്. അനുയോജ്യമായ മറ്റു പ്രവർത്തനങ്ങൾ മഹല്ലുകൾ കണ്ടെത്തി നടപ്പിലാക്കണം.

1. മതമൈത്രീ സംഗമങ്ങൾ

ഇസ്‌ലാമുമായി ബന്ധപ്പെട്ട് വലിയ തെറ്റിദ്ധാരണകൾ പരന്നു കൊണ്ടിരിക്കുകയാണ്. അതിന്റെ കാരണങ്ങൾ എന്തുമാവട്ടെ ഈ തെറ്റിദ്ധാരണകൾ നീക്കേണ്ടതും ഇസ്‌ലാമിന്റെ സ്നേഹ സന്ദേശം പൊതു സമൂഹത്തിലെത്തിക്കേണ്ടതും നമ്മുടെ ബാധ്യതയാണ്. പരസ്പരം അകന്നു നിൽക്കുന്ന മനസ്സുകളെ ഒന്നിപ്പിച്ചു നിർത്താൻ നമുക്കായില്ലെങ്കിൽ ഭാവിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം. സഹോദര സമുദായവുമായി നല്ല സൗഹൃദം നില നിർത്താനും സമാധാന പൂർണ്ണമായ സാമൂഹ്യാന്തരീക്ഷം ഉണ്ടാക്കിയെടുക്കാനും ശ്രമിക്കേണ്ടതിന്റെ ബാധ്യത മുസ്‌ലികൾക്കുണ്ട്. അതിനാൽ അമുസ്‌ലിം ജനസംഖ്യ മോശമല്ലാത്ത വിധം ഉള്ള പ്രദേശങ്ങളിൽ മതമൈത്രി ബന്ധങ്ങൾ സംഘടിപ്പിക്കുക, ഇസ്‌ലാമികാഘോഷങ്ങൾ സൗഹൃദങ്ങൾ സ്ഥാപിക്കാനായി ഉപയോഗപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ മുസ്‌ലിം സമൂഹത്തോടുള്ള പൊതു സമൂഹത്തിന്റെ തെറ്റിദ്ധാരണയും ഭീതിയും അകറ്റാൻ ഉപകരിക്കും.

2. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

മദ്യവും മയക്കുമരുന്നുമടക്കമുള്ള ലഹരികൾ ഇന്ന് നമ്മുടെ സമൂഹത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. കൗമാരക്കാർക്കിടയിൽ മദ്യം വളരെ മാന്യമായ ഒരേർപ്പാടായി മാറിയിരിക്കുന്നു. മദ്യം ആ പേരിലല്ലാതെ വിപണനം ചെയ്യപ്പെടുന്ന ഒരു കാലത്തെ ഭയപ്പെടാൻ പ്രവാചകൻ പറഞ്ഞതിന്റെ സാരം 'കള്ള്' എന്ന് പറയുമ്പോൾ മനസ്സിൽ ധ്വനിക്കുന്ന മ്ലേച്ഛ വസ്തു എന്ന ബോധം മാറുകയും അതൊരു 'സ്റ്റാറ്റസ്' സിംബലാവുകയും ചെയ്യുന്ന കാലത്തെ കുറിച്ചുള്ള മുന്നറിയിപ്പാണ്. സകല തിന്മകളുടെയും മാതാവായ ലഹരിയെ നമ്മുടെ മഹല്ല് പ്രദേശത്തു നിന്നും അകറ്റാനുള്ള പ്രവർത്തനങ്ങൾക്ക് മഹല്ല് നേതൃത്വം നൽകണം.

ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ, പ്രദർശനങ്ങൾ, കൗമാര വിദ്യാഭ്യാസ പരിപാടികൾ, തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് മഹല്ലുകൾക്ക് ചെയ്യാം. നിരുപദ്രവകരമെന്ന് തോന്നുന്ന പാൻമസാലകൾ, വളരെ കടുത്ത ലഹരിയും വിഷവും നിറഞ്ഞതാണെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ഇവ നമ്മുടെ മഹല്ലുകളിൽ ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനങ്ങൾ നമുക്ക് ചെയ്യാവുന്നതാണ്. ഇവ വിപണനം നടത്തുന്ന കടക്കാരോട് സൗമ്യമായി കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിയാൽ ഒരളവു വരെ അവർ ഇതിൽ നിന്ന് പിന്മാറാൻ

സാധ്യതയുണ്ട്. ഓരോ പഞ്ചായത്ത് ഭരണ സമിതികൾക്കും അതാത് ഭരണ പ്രദേശങ്ങൾക്കകത്ത് പാൻമസാലകൾ വിപണനം നടത്തുന്നത് നിരോധിക്കാനുള്ള അവകാശമുണ്ട്. ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയും സമ്മർദ്ദം ചെലുത്തിയും നിരോധനം നേടിയെടുക്കാം. ഏറ്റവും ചുരുങ്ങിയത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കടുത്ത പ്രദേശത്തെങ്കിലും ഇവ വിൽക്കപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തണം.

ലഹരിക്കടിമയായ ആളുകൾ നമ്മുടെ ഓരോ മഹല്ലിലും ഉണ്ടാവാൻ സാധ്യതയുണ്ട്. ഇവരെ സമൂഹത്തിൽ നിന്നും പള്ളിയിൽ നിന്നും അകറ്റി നിർത്തുന്നത് ഈ സ്വഭാവം കൂടുതൽ വഷളാക്കാനേ ഗുണം ചെയ്യൂ. വ്യക്തികളെയല്ല തിന്മകളെയാണ് നാം വെറുക്കേണ്ടത്. ഇത്തരക്കാർക്ക് പലപ്പോഴും ഈ ദൂഷ്യം കളയണമെന്ന് ആഗ്രഹമുണ്ടാവും പക്ഷെ മാനസികമായി സാധ്യമല്ലാത്തത് കൊണ്ടാണ്. ഇത്തരം ആളുകളെ കണ്ടെത്തി കൗൺസലിംഗ് നൽകുകയും ഡീ-അഡിക്ഷൻ സെന്ററുകളുടെ സൗകര്യം ഉപയോഗപ്പെടുത്തുകയും ചെയ്താൽ അവരെ ഇതിൽ നിന്ന് പിന്മാറാനും സഹായിക്കും.

3. കലാപരിപാടികൾ

കുട്ടികളുടെ സർഗ കലാ ശേഷികൾ പരിപോഷിപ്പിക്കാനായി വർഷത്തിലൊരിക്കൽ ' മഹല്ല് ആർട്സ് ഫെസ്റ്റുകൾ' ഇസ്ലാമികമായി തന്നെ സംഘടിപ്പിക്കാം. കുട്ടികളുടെ ശേഷികൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നതോടൊപ്പം ഇത് മഹല്ലിന് കീഴിൽ എല്ലാ കുടുംബങ്ങളെയും സംഘടിപ്പിക്കാനുമുള്ള ഒരു വഴിയുമാണ്.

4. ആത്മീയസംസ്കരണം

മുസ്ലിം ജനസാമാന്യത്തിന് പൊതുവെ ഇസ്ലാമിനെ കുറിച്ചുള്ള അറിവ് കേവലം കർമ്മ ശാസ്ത്ര വിധികൾക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നതാണ്. ആത്മീയ സംസ്കരണത്തിന് ആവശ്യമായ അറിവും ബോധ്യവും പകർന്ന് നൽകാനായാലേ ഒരു ഇസ്ലാമിക സമൂഹം ഉണ്ടാവുകയുള്ളൂ. ഈയൊരു വിടവാണ് ഏഴും എട്ടും പത്തും ക്ലാസു വരെ മദ്രസയിൽ പഠിച്ചിട്ടും ആളുകൾ നമസ്കരിക്കാതെയും മൂല്യങ്ങൾ സൂക്ഷിക്കാതെയും ജീവിക്കാൻ കാരണം. വ്യക്തിത്വ രൂപീകരണത്തിലും ആത്മീയ സംസ്കരണത്തിനും സഹായകമാവുന്ന വിധം ഈമാനും ഇഹ്സാനുമായി ബന്ധപ്പെട്ട അറിവും തർബിയത്തും നൽകാൻ മഹല്ല് നേതൃത്വം പരിപാടികൾ പണ്ഡിതരുടെ നേതൃത്വത്തിൽ നടപ്പിലാക്കണം. ഇതിന്റെ ഗുണം മഹല്ലിലെ എല്ലാ സ്ത്രീ പുരുഷന്മാർക്കും ലഭിക്കണം.

5. ഇസ്‌ലാമിക തുടർവിദ്യാഭ്യാസം

കുട്ടിക്കാലത്തെ മദ്രസാ പഠനം കഴിഞ്ഞ ശേഷം പൊതു ജനങ്ങൾക്ക് ഇസ്‌ലാമികമായ അറിവ് നേടാനുള്ള സൗകര്യം വളരെ കുറവാണ്. ഇതിന് പരിഹാരമായി മഹല്ലുകൾ കേന്ദ്രീകരിച്ച് ഇസ്‌ലാമിക തുടർ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. വളരെ സമഗ്രമായ രീതിയിൽ ഇസ്‌ലാമിക വിജ്ഞാനം പകർന്ന് നൽകാവുന്ന വിധത്തിൽ ചെറിയ കോഴ്സുകൾ ഡിസൈൻ ചെയ്ത് ആഴ്ചയിൽ ഒരിക്കലോ മറ്റോ ക്ലാസു നൽകി ഇത് നടപ്പിലാക്കാവുന്നതാണ്. പരീക്ഷയും സർട്ടിഫിക്കറ്റുമെല്ലാം കൂടുതൽ ആകർഷണീയകമാവും. റമളാൻ കാലയളവ് ഇത്തരം പ്രവർത്തനങ്ങൾക്ക് വളരെയേറെ അനുയോജ്യമാണ്.